# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഉദയംപേരൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം.കെ.എസ്.എ.ഇ.കെ.എം(പി.6)214/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയതി: 19/04/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഉദയംപേരൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഉദയംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഉദയംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെ.എസ്.എ.ഇ.കെ.എം(പി.6)214/23 തീയ്യതി: 19/04/2023

## എറണാകുളം ജില്ലയിലെ ഉദയംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ഉദയംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബിന്ദു എസ്. നായർ | ഡെപ്യൂട്ടി ഡയറക്ടർ | 08-02-2023 | 17-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 08-02-2023 | 17-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

റെസിയ ബീവി.ജെ.,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേഡ്)
ബബിത ബി. കുമാർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
കവിത എസ്. കണ്ണൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
മേഴ്സി കെ.പി., സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സജിത മുരളി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ അനന്തൻ.ടി.വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 05-04-2021 |
| ശ്രീ സാബു.സി.ജെ | സെക്രട്ടറി | 06-04-2021 | 02-09-2021 |
| ശ്രീമതി സിന്ധു.എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-09-2021 | 19-09-2021 |
| ശ്രീ സാബു.സി.ജെ | സെക്രട്ടറി | 20-09-2021 | 16-01-2022 |
| ശ്രീമതി സിന്ധു.എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 17-01-2022 | 30-01-2022 |
| ശ്രീ സാബു.സി.ജെ | സെക്രട്ടറി | 31-01-2022 | 18-03-2022 |
| ശ്രീമതി സിന്ധു.എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 19-03-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ അനന്തൻ.ടി.വി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 02-05-2021 |
| ശ്രീമതി ജിഷ കാതറിൻ.ടി.ഡബ്ല്യൂ | അസിസ്റ്റന്റ് സെക്രട്ടറി | 03-05-2021 | 12-07-2021 |
| ശ്രീമതി സിന്ധു.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 13-07-2021 | 31-03-2022 |
| ശ്രീമതി മിനിമോൾ.പി.ടി | അസിസ്റ്റന്റ് എൻജിനിയർ | 01-04-2021 | 27-07-2021 |
| ശ്രീമതി ആരതി സാധു | അസിസ്റ്റന്റ് എൻജിനിയർ | 28-07-2021 | 31-03-2022 |
| ശ്രീ സുധീർ.എം.എൻ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.റാണാരാജ്.വി.ആർ | വെറ്റനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി പ്രജിന.കെ.കെ | ICDS സൂപ്പർവൈസർ | 01-04-2021 | 16-11-2021 |
| ശ്രീമതി അനുഷ.കെ.കെ | ICDS സൂപ്പർവൈസർ | 17-11-2021 | 31-03-2022 |
| ഡോ.ഷീജ.ബി | അസിസ്റ്റന്റ് സർജൻ | 01-04-2021 | 31-03-2022 |
| ഡോ.സുമ വർഗീസ് | ഹോമിയോ മെഡിക്കൽ ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.ചൈതന്യ.കെ.വി | ആയുർവേദ മെഡിക്കൽ ഓഫീസർ | 01-04-2021 | 10-05-2021 |
| ഡോ.ലക്ഷ്മി.വി | ആയുർവേദ മെഡിക്കൽ ഓഫീസർ | 11-05-2021 | 06-11-2021 |

| | | | |
|---|---|---|---|
| ഡെ.ചൈതന്യ.കെ.വി | ആയുർവേദ മെഡിക്കൽ ഓഫീസർ | 06-11-2021 | 31-03-2022 |
| ശ്രീമതി ശ്രീവിദ്യ.വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,ഉദയംപേരൂർ സർക്കിൾ | 01-04-2021 | 31-03-2022 |
| ശ്രീമതി ശ്രീവിദ്യ.വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,പൂത്തോട്ട സർക്കിൾ | 01-04-2021 | 31-03-2022 |
| ശ്രീമതി ശ്രീവിദ്യ.വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(i/c),കണ്ടനാട് സർക്കിൾ | 01-04-2021 | 04-11-2021 |
| ശ്രീമതി നസീന.ടി.എ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,കണ്ടനാട് സർക്കിൾ | 05-11-2021 | 31-03-2022 |
| ശ്രീമതി ലേഖ രവീന്ദ്രൻ | ഹെഡ്മിസ്ട്രസ്സ്, ഗവ.ജെബിഎസ് | 01-04-2021 | 31-03-2022 |
| ശ്രീമതി ഫസീറാമോൾ | SI, ഫിഷറീസ് | 01-04-2021 | 29-07-2021 |
| ശ്രീമതി ആഷ ബാബു.ആർ | SI, ഫിഷറീസ് | 29-07-2021 | 31-03-2022 |
| ശ്രീമതി ജയ.കെ.ആർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിശകലനം | 1-4 |
| 6 | ലോൺ ബാധ്യതയിൽ പെടുത്തി ബഡ്ജറ്റ് വിഹിതം കുറവ് ചെയ്തു | 1-4-1 |
| 7 | പദ്ധതി അവലോകനം | 1-5 |
| 8 | മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 9 | ക്ഷേമപദ്ധതികൾ | 1-7 |
| 10 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 13 | ഗ്രാമസഭ | 1-11 |
| 14 | ദുരിതാശ്വാസ നിധി - നിഷ്ക്രിയം. | 1-12 |
| 15 | വസ്തു നികുതി നിർണ്ണയം -അപാകതകൾ | 1-13 |
| 16 | ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ -അത്യാവശ്യ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല | 1-14 |
| 17 | ജി.ഐ. പോളുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതി - അപാകതകൾ | 1-15 |
| 18 | സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം - ഗുണഭോക്താവിന് കൈമാറാത്ത തുകകൾ | 1-16 |
| 19 | മരുന്നുകൾ ലഭ്യമാകുന്നതിന് കാലതാമസം | 1-17 |
| 20 | അങ്കണവാടികൾക്ക് കുടിവെള്ള സൗകര്യം ഒരുക്കൽ - അപാകതകൾ | 1-18 |
| 21 | പ്യൂരിഫയർ വാങ്ങൽ-അപാകതകൾ | 1-19 |
| 22 | ഇൻസിനറേറ്റർ വാങ്ങി സ്ഥാപിച്ചത് - സർക്കാർ അംഗീകാരം തേടിയില്ല | 1-20 |
| 23 | ഇൻവാലിഡ് ജി.എസ്.ടി.എൻ. നമ്പറിന്റെ അടിസ്ഥാനത്തിൽ നികുതി തുക അനുവദിച്ചു | 1-20-1 |
| 24 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല(കെ.എസ്.ഇ.ബി.) | 1-21 |
| 25 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല(വാട്ടർ അതോറിറ്റി) | 1-21-1 |
| 26 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല(ഐ.കെ.എം). | 1-21-2 |
| 27 | സ്കാനർ വാങ്ങൽ- ബാലൻസ് തുക ലഭ്യമായില്ല | 1-22 |
| 28 | പൊതു ടാപ്പുകളുടെ വെള്ളക്കരം | 1-23 |

| | | |
|---|---|---|
| 29 | സാക്ഷരത പ്രേരകുമാർക്ക് തനത്ഫണ്ടിൽ നിന്നും ഓണറേറിയം നൽകിയത് റീക്കുപ്പ് ചെയ്യപ്പെട്ടില്ല | 1-24 |
| 30 | ഡൊമിസിലറി കെയർ സെന്റർ - ഇലക്ട്രിസിറ്റി കണക്ഷൻ ഡെപ്പോസിറ്റ് തിരികെ വാങ്ങിയില്ല | 1-25 |
| 31 | മഴക്കാലപൂർവ്വ ശുചീകരണം - ചെലവ് രേഖകൾ പൂർണമായി ഹാജരാക്കിയില്ല | 1-26 |
| 32 | പദ്ധതി നിർവ്വഹണ ചെലവ് - പ്രിന്റിംഗ് കരാറുകാരിൽ നിന്ന് ആദായനികുതി ഈടാക്കിയില്ല | 1-27 |
| 33 | തെരുവ് വിളക്ക് പരിപാലനം - പൊതു അപാകതകൾ | 1-28 |
| 34 | ഫയൽ ഹാജരാക്കിയില്ല-ചെലവ് തടസ്സപ്പെടുത്തുന്നു. | 1-29 |
| 35 | ഹൈമാസ്റ്റ് ലൈറ്റുകൾക്ക് എ.എം.സി. - പ്രവൃത്തി നടപ്പാക്കിയതിന് രേഖയില്ല | 1-30 |
| 36 | വക്കീൽ ഫീസ്-ആദായ നികുതി സ്രോതസിൽ നിന്നും കുറവ് ചെയ്തില്ല | 1-31 |
| 37 | കുട്ടികൾക്കുള്ള ജില്ലാ വെബ് പോർട്ടൽ – ചെലവ് തുക വിനിയോഗിക്കപ്പെട്ടില്ല | 1-32 |
| 38 | മേശയും കസേരയും വിതരണം ചെയ്തില്ല | 1-33 |
| 39 | കട്ടിലുകൾ വിതരണം ചെയ്യാതെ അവശേഷിക്കുന്നു | 1-34 |
| 40 | കട്ടിൽ വിതരണം- പട്ടികജാതി | 1-34-1 |
| 41 | കട്ടിൽ വിതരണം - പട്ടികവർഗം | 1-34-2 |
| 42 | പൊതുശ്മശാനം നിർമ്മാണം - പൂർത്തീകരിച്ചിട്ടില്ല. | 1-35 |
| 43 | എം.ജി.എൻ.ആർ.ജി.എസ്- അപാകതകൾ | 1-36 |
| 44 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി - അപാകതകൾ | 1-37 |
| 45 | ക്ഷീരകർഷകർക്ക് കറവയന്ത്രം-പദ്ധതി നടത്തിപ്പിലെ അപാകത | 1-38 |
| 46 | മട്ടുപ്പാവിലെ മുട്ടക്കോഴി വളർത്തൽ - അപാകത | 1-39 |
| 47 | സ്വന്തം കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല | 1-40 |
| 48 | അനുപൂരകപോഷകാഹാരം - ഗുണനിലവാരം ഉറപ്പാക്കിയില്ല | 1-41 |
| 49 | ഭിന്നശേഷി ഉള്ളവർക്ക് സ്കോളർഷിപ്പ് തുക ക്രെഡിറ്റായില്ല | 1-42 |
| 50 | കോക്ലിയർ ഇംപ്ലാന്റിന് മെയിന്റനൻസ് തുക നല്കിയത് - വിനിയോഗവിവരം ലഭ്യമാക്കിയില്ല | 1-43 |
| ഭാഗം **2** | | |
| 1 | എഗ്രിമെന്റില്ലാതെ റോഡ് കട്ടിംഗ് അനുമതി - വർഷങ്ങളോളം ലഭ്യമാകേണ്ട വാടക നഷ്ടപ്പെടുത്തി (ജിയോ) | 2-1-1 |
| 2 | പോൾ സ്ഥാപിക്കുന്നതിന് അനുമതി അപാകതകൾ - ടെലിസോണിക് നെറ്റ് | 2-1-2 |

| | | |
|---|---|---|
| | വർക്ക് ലിമിറ്റഡ് | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ /വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് / സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 സാമ്പത്തികവർഷത്തേക്കുള്ള ബജറ്റ് ഭരണസമിതിയുടെ 06.03.2021 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 26.03.2022 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ആയത് പ്രകാരമുള്ള മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ബജറ്റ് പ്രകാരം | | വാർഷിക ധനകാര്യ പത്രിക പ്രകാരം (R&P Statement പ്രകാരം) |
|---|---|---|
| മുന്നിരിപ്പ് | 3,18,73,111 | 2,59,90,790 |
| വരവ് | 28,25,44,000 | 12,98,57,157 |
| ആകെ | 31,44,17,111 | 15,58,47,947 |
| ചെലവ് | 28,84,99,100 | 11,72,84,302 |
| നീക്കിയിരിപ്പ് | 2,59,18,011 | 3,85,63,645 |

ബജറ്റ് പ്രകാരമുള്ള കണക്കുകളും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കണക്കുകളും തമ്മിൽ വലിയ അന്തരമുണ്ട്. ബജറ്റ് യുക്തിസഹമായിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. R&P Statement പ്രകാരമുള്ള വിവരങ്ങളായതിനാൽ തൊഴിലുറപ്പ്, പെൻഷൻ തുകകൾ ഇതിൽ ഉൾപ്പെട്ടിട്ടില്ല.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 20.06.2022 |

### 1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ വാർഷികകണക്ക് പരിശോധിച്ചതിലെ അപാകതകൾ താഴെപ്പറയുന്നു. ആയവ എൻക്വയറി മുഖേന (നം-25/15.02.23) അധികൃതരുടെ ശ്രദ്ധയിൽ പെടുത്തിയതിന് മറുപടി ലഭ്യമാക്കിയില്ല.

1) വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി. എന്നീ സ്ഥാപനങ്ങൾക്ക് നിക്ഷേപപ്രവൃത്തികൾക്കായി നൽകിയ താഴെപ്പറയുന്ന തുകകൾ അഡ്വാൻസ് ഹെഡിൽ പെടുത്തിയിട്ടില്ല .

പ്രോജക്ട് നം-29/22 - 10237/-രൂപ (KSEB)സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ

പ്രോജക്ട് നം- 235/22 -20000/-രൂപ (KWA)ആയുർവേദ ആശുപത്രിക്ക് കുടിവെള്ള സൌകര്യം

2) 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62-ഇ പ്രകാരം വാർഷിക കണക്കിൽ, അക്കൗണ്ടുകൾക്കുള്ള കുറിപ്പ് ഉൾപ്പെടുത്തിയിട്ടില്ല.

3) പഞ്ചായത്തിന്റെ ആസ്തികൾ ഉൾപ്പെടുത്തിയും സചിത്ര സോഫ്റ്റ്‌വെയറുമായി ബന്ധപ്പെടുത്തിയും ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

4) മാർക്കറ്റ് റസീപ്റ്റ്സ്

മാർക്കറ്റ് റസീപ്റ്റ്സ് – (Arrear) – മുൻവർഷ കുടിശ്ശികയും തൻവർഷ വരവും ചേർന്നുള്ള തുക തൻവർഷത്തെ നീക്കിയിരുപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

മുൻവർഷ കുടിശ്ശിക – 50667
വരവ് – 4787
B15 ൽ വരേണ്ടത് – 45880
B15ൽ വന്നത് – 40880
വ്യത്യാസം – 5000

മാർക്കറ്റ് റസീപ്റ്റ്സ് – (Current) – ഡിമാന്റ്,തൻവർഷ വരവ്,എന്നിവ നീക്കിയിരുപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

ഡിമാന്റ് – 46700
വരവ് – 42866
B15 ൽ വരേണ്ടത് – 3834
B15ൽ വന്നത് – 3334
വ്യത്യാസം – 500

5) 3503001090ം നമ്പർ ഹെഡിൽ 28,528/- രൂപ Refund Of Unutilised Grant എന്ന ഇനത്തിൽ ബാധ്യതയായുണ്ട്. ആയത് ഏത് പ്രോജക്ടുകളുമായി ബന്ധപ്പെട്ട് തിരികെ അടവാക്കിയ തുകകളാണെന്ന് വ്യക്തമാക്കിയില്ല.

അപാകതകൾ പരിഹരിച്ച് ആവശ്യമായ രേഖകളോടൊപ്പം വിവരമറിയിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,59,90,790.00 |
| വരവ് | 12,98,57,157.00 |
| ആകെ | 15,58,47,947.00 |
| ചെലവ് | 11,72,84,302.00 |
| നീക്കിയിരിപ്പ് | 3,85,63,645.00 |
| വരവിനങ്ങളില്ലുള്ള നഷ്ടം | 3,11,557.00 |
| ചെലവിനങ്ങളില്ലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 47,06,624.00 |

## 1-4 ഫണ്ട് വിശകലനം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് (ACR) | നീക്കിയിരുപ്പ് | ബാക്കി / ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട്(ജനറൽ) | 0 | 20578204 | 20578204 | 20022031 | 0 | 556173 |
| വികസനഫണ്ട്(എസ്.സി.പി) | 0 | 7817778 | 7817778 | 6972319 | 0 | 845459 |
| വികസനഫണ്ട്(ടി.എസ്.പി) | 0 | 359900 | 359900 | 307000 | 0 | 52900 |
| സംരക്ഷണഗ്രാന്റ്(റോഡ്) | 0 | 7429800 | 7429800 | 4324625 | 0 | 3105175 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 8006754 | 8006754 | 4720153 | 0 | 3286601 |
| ധനകാര്യകമ്മീഷൻ അവാർഡ് (UnTied) ട്രഷറി | 0 | 2685336 | 2685336 | 2671813 | 0 | 13523 |
| ധനകാര്യ കമ്മീഷൻ അവാർഡ് (UnTied) ബാങ്ക് | 0 | 4083000 | 4083000 | 2921183 | 1161817+ 73826= 1235643 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied) ട്രഷറി | 0 | 2246715 | 2246715 | 1982334 | 0 | 264381 |
| ധനകാര്യകമ്മീഷൻ അവാർഡ്(Tied) ബാങ്ക് | 0 | 6125000 | 6125000 | 2975000 | 3150000 | 0 |
| കേന്ദ്രാവിഷ്കൃതഫണ്ട്- | | | | | | |
| ടോട്ടൽ സാനിട്ടേഷൻ | 579000 | 200000 | 779000 | 200000 | 579000 | |
| ICDS | 727143 | 1894907 | 2622050 | 2178052 | 443998 | |
| Solid Waste | 88126 | 0 | 88126 | 88126 | 0 | |
| ശുചിത്വ മിഷൻ | 2678350 | 0 | 2678350 | 0 | 2678350 | |

1) വികസന ഫണ്ട്(ജനറൽ)-ജി.ഒ പ്രോജക്ടുകളായി സ്രോതസിൽ കുറവ് ചെയ്ത 1896478/-രൂപയുടെ വ്യത്യാസമാണ് I-6ഷെഡ്യൂളുമായി ഉള്ളത്. (അങ്കണവാടി ജീവനക്കാരുടെ പ്രതിഫലമിനത്തിൽ കുറവ് ചെയ്ത തുക-511000x3=1533000+ലൈഫ് വായ്പ ജനറൽ-363478)
എ.സി.ആർ ബാലൻസുമായുള്ള വ്യത്യാസം -108495/-രൂപ (ക്യൂ ബിൽ)

2) വികസന ഫണ്ട്(എസ്.സി.പി)-ജി.ഒ പ്രോജക്ടുകളായി സ്രോതസിൽ കുറവ് ചെയ്ത 32522/-രൂപയുടെ (ലൈഫ് ലോൺ) വ്യത്യാസമാണ് I-6 ഷെഡ്യൂളുമായി ഉള്ളത്.
എ.സി.ആർ ബാലൻസുമായുള്ള വ്യത്യാസം-150000/-രൂപ (പ്രോജക്ട്.നം-44/22-എസ്.സി കുട്ടികൾക്ക് പഠനമുറി-സുലേഖയിൽ ചെലവില്ല. എ.സി.ആറിൽ ചെലവുണ്ട്.)

3) സംരക്ഷണ ഗ്രാന്റ് (റോഡ്)
എ.സി.ആർ ബാലൻസുമായുള്ള വ്യത്യാസം -215717/-രൂപ, (പ്രോജക്ട്.നം-188/22 -ശിവാനന്ദപുരം റോഡ് മെയിന്റനൻസ് - സുലേഖയിൽ ചെലവായി കാണിച്ചിട്ടില്ല.)

4) ധനകാര്യകമ്മീഷൻ അവാർഡ് (UnTied)

| | | വരവ് | ചെലവ് | ബാക്കി |
|---|---|---|---|---|
| 1 | AFS | 6768336 | 5592996 | 1249066 |
| 2 | ACR | 6768336 | 5592978 | 1175358 |
| (1-2) | വ്യത്യാസം | | | 73708 (73726 - 18പലിശ) |

5) ധനകാര്യകമ്മീഷൻ അവാർഡ് (Tied)

| | | വരവ് | ചെലവ് | ബാക്കി |
|---|---|---|---|---|
| 1 | AFS | 8371715 | 4957334 | 3414381 |
| 2 | ACR | 8371715 | 6126667 | 2245048 |
| (1-2) | വ്യത്യാസം | | | 1169333 * |

* പ്രോജക്ട് നം-96/22 (ക്രിമറ്റോറിയം കോമ്പൗണ്ട് വാൾ നിർമാണം) സുലേഖ പ്രകാരം ചെലവില്ലെങ്കിലും (1269333/-) എ.സി.ആറിൽ ചെലവായി പെടുത്തിയിട്ടുണ്ട്. പ്രോജക്ട് നം.-152/22- വലിയകുളം ഫെൻസിംഗ് (100000/-) റിക്വസിഷൻ ക്യാൻസലായി പോയതിനാൽ എ.സി.ആറിൽ ചെലവായി കാണിച്ചിട്ടില്ല. എന്നാൽ സുലേഖയിൽ ചെലവുണ്ട്. (3414381-1269333+100000=2245048)

## 1-4-1 ലോൺ ബാധ്യതയിൽ പെടുത്തി ബഡ്ജറ്റ് വിഹിതം കുറവ് ചെയ്തു

ഗ്രാമപഞ്ചായത്തിന് ലോൺ ബാധ്യത ഇല്ല. എന്നാൽ താഴെപ്പറയും പ്രകാരം 2021-22 വർഷത്തെ ബജറ്റ് വിഹിതത്തിൽ നിന്നും ലൈഫ് ലോൺ വായ്പയിനത്തിൽ പൊതുവിഭാഗം വികസനഫണ്ടിൽ നിന്നും എസ്.സി.പി. ഫണ്ടിൽ നിന്നും തുക താഴെപ്പറയും പ്രകാരം ഉത്തരവത്തിൽ കുറവ് ചെയ്തിട്ടുണ്ട്.

| ഫണ്ടിനം | ഒന്നാം ഗഡു ഉത്തരവ് നം./തീയതി- സ.ഉ(സാ.ധാ) 3367/21,07.04.21 | രണ്ടാം ഗഡു ഉത്തരവ് നം./തീയതി- സ.ഉ(സാ.ധാ) 5206/21, 30.07.21 | മൂന്നാം ഗഡു ഉത്തരവ് നം./ തീയതി- സ.ഉ(സാ.ധാ) 22/22, 01.01.22 | ആകെ കുറവ് ചെയ്ത തുക |
|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 29333 | 146667 | 187478 | 363478 |
| വികസനഫണ്ട് എസ്.സി.പി | 0 | 14667 | 17855 | 32522 |
| ആകെ | | | | 396000 |

ബജറ്റ് വിഹിതത്തിൽ 3,96,000/- രൂപ ഇപ്രകാരം കുറവ് വന്നത് സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തി, ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചറിയിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് എണ്ണം | പദ്ധതി ചെലവ് | പൂർണ്ണമായി നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 199 | 117245831 | 154 | 73772616 | 111 | 43 | 45 | 55.77% |

## 1-6 മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവ് | 12867 | 591551 | 604418 | 604160 | 258 |
| കൂലിചെലവ് | | 29241840 | 29241840 | 29241840 | |
| ആകെ | 12867 | 29833391 | 29846258 | 29846000 | 258 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |

| | | |
|---|---|---|
| കർഷകത്തൊഴിലാളി പെൻഷൻ | 81,60,000 | 402 |
| വിധവാപെൻഷൻ | 2,51,32,800 | 1289 |
| വാർദ്ധക്യകാല പെൻഷൻ | 7,22,49,600 | 3643 |
| വികലാംഗ പെൻഷൻ | 76,60,800 | 386 |
| അവിവാഹിതരായ 50 വയസിന് മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 15,55,200 | 78 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 0 | 0 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.02.2023 തീയതിയിൽ അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 43715/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. പൊതു ടാപ്പുകളുടേയും, തെരുവ് വിളക്കുകളുടേയും കൃത്യമായ കണക്ക് വിവരം പഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയത് സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
2. പഞ്ചായത്തിലെ ഇലക്ട്രോണിക് ഉപകരണങ്ങളുടേയും, മറ്റ് സാമഗ്രികളുടേയും സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി വാർഷിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.
3. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളിന്മേൽ സമയോചിതമായ നടപടികൾ കൈക്കൊള്ളുന്നില്ല.
4. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
5. ദുരിതാശ്വാസനിധി. പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്. നിധിയിലേക്ക് തുക സ്വരൂപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും. ആനുകൂല്യങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് ആവശ്യമായ അവബോധം നൽകി തുക അനുവദിക്കേണ്ടതുമാണ്.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.08.2021 | 01.10.2020 മുതൽ 31.07.2021 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04.10.2018 മുതൽ 16.10.2018 വരെ | 2013-14 മുതൽ 2017-18 വരെ | 01.12.2018 |

## 1-11 ഗ്രാമസഭ

2021-22 സാമ്പത്തിക വർഷത്തിൽ കോവിഡ് പശ്ചാത്തലത്തിൽ നിയമപ്രകാരമുള്ള കാലയളവിൽ ഗ്രാമസഭകൾ കൂടുന്നതിന് സാധിച്ചിട്ടില്ല. ജനുവരി 22ൽ ഒരു പ്രാവശ്യം മാത്രമേ ഗ്രാമസഭകൾ കൂടിയിട്ടുള്ളൂ. നിലവിൽ ഗ്രാമസഭകൾ നിയമാനുസൃതമായ കാലയളവിൽ കൂടി വരുന്നുണ്ട്.

## 1-12 ദുരിതാശ്വാസ നിധി - നിഷ്ക്രിയം.

2003ലെ കേരള പഞ്ചായത്ത് രാജ് ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ചട്ടങ്ങൾ ചട്ടം 3(1) പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതി ക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ, എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര സഹായം നൽകുന്നതിനായി ഗ്രാമപഞ്ചായത്തിൽ 17-8-11ൽ എസ്.ബി.റ്റി ബാങ്ക്, ഉദയംപേരൂർ ബ്രാഞ്ചിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ട്.എന്നാൽ ഈ സാമ്പത്തികവർഷം മുന്നിരുപ്പ് 1425/- രൂപയും നീക്കിയിരുപ്പ് 1465/-രൂപയും ആണ്. 31.3.2022 ൽ 1465/- രൂപ അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്. 2021-22 വർഷം ഈ അക്കൗണ്ടിൽ വരവോ ചെലവോ ഒന്നുമില്ല. മുൻ വർഷങ്ങളിലും

വരവോ ചെലവോ ഇല്ല. ടി അക്കൗണ്ട് പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

ധനശേഖരണാർത്ഥമുള്ള കലാകായിക, വിനോദപരിപാടികൾ സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസനിധിയിലേക്ക് ധനം സ്വരൂപിക്കാവുന്നതാണ്. ഈ നിധിയിൽ നിന്ന് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന വ്യക്തിക്ക് അല്ലെങ്കിൽ കുടുംബത്തിന് അപേക്ഷയുടെ അടിസ്ഥാനത്തിലോ അടിയന്തിരഘട്ടങ്ങളിൽ അപേക്ഷ ഇല്ലാതെ തന്നെയോ ധനസഹായം നൽകാവുന്നതാണ്. നിധിയെ സംബന്ധിച്ച വരവ് ചെലവ് കണക്കുകൾ സെക്രട്ടറി അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ ഒരു ക്യാഷ് ബുക്കിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിധിയെ സംബന്ധിച്ച എല്ലാ വരവ് ചെലവ് കണക്കുകളും സെക്രട്ടറി ഓരോ മാസവും പഞ്ചായത്ത് കമ്മിറ്റിയിൽ സമർപ്പിക്കേണ്ടതും ഓഡിറ്റിനു വിധേയമാക്കേണ്ടതുമാണ്.

1-13 വസ്തു നികുതി നിർണ്ണയം -അപാകതകൾ

A. ഗ്രാമപഞ്ചായത്തിന്റെ 2021-22 ലെ ഹരിതകേരളം പ്രോജക്റ്റായ MCFവാടക (പ്രോ.നമ്പർ 139/22) എന്നതിനായി കെട്ടിട നമ്പർ 7/208, ഉപയോഗിച്ചിട്ടുണ്ട്. ശ്രീ. ലയോള അഗസ്റ്റിൻ എന്നയാളുടെ ഉടമസ്ഥതയിലുള്ളതും പ്രതിമാസം 12,000/- രൂപ വാടക നൽകിവരുന്നതുമായ ടി കെട്ടിടം വാണിജ്യാവശ്യത്തിനുള്ള 100ച.മീ. വരെയുള്ളത് എന്ന ഗണത്തിൽ പെടുത്തിയാണ് സഞ്ചയ സോഫ്റ്റ് വെയറിൽ നികുതി നിർണ്ണയിച്ച് ഈടാക്കിയിരിക്കുന്നത്. ഇത് സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾ കാണുന്നു, അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് :-

| അസിസ്റ്റന്റ് എഞ്ചിനീയറുടെ വാടക കാൽക്കുലേഷൻ പ്രകാരം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം (പ്രോ.നമ്പർ 139/22-MCFവാടക) | സഞ്ചയ സോഫ്റ്റ്‌വെയർ നികുതി നിർണ്ണയം പ്രകാരം തറ വിസ്തീർണ്ണം | നിർണ്ണയിച്ചിരിക്കുന്ന അടിസ്ഥാന വസ്തു നികുതി | നിർണ്ണയിക്കേണ്ട അടിസ്ഥാന വസ്തു നികുതി | അടിസ്ഥാന വസ്തു നികുതിയിലെ മാത്രം വ്യത്യാസം |
|---|---|---|---|---|
| 113.985 ച.മീ. | 96 ച.മീ. | 96X50 = 4800 | 113.9 X 60 = 6834 | 2034.00 |

B. കെട്ടിടങ്ങൾക്ക് തെറ്റായ വിസ്തീർണ്ണം സെലക്ട് ചെയ്യുന്നു - ഉദയംപേരൂർ ഗ്രാമപഞ്ചായത്തിൽ വാണിജ്യാവശ്യത്തിനുള്ള 100 ച. മീറ്റർ വരെയുള്ള കെട്ടിടങ്ങൾക്ക് ച. മീറ്ററിന് 50/- രൂപ നിരക്കിലും 100 ച. മീറ്ററിനു മുകളിലുള്ള കെട്ടിടങ്ങൾക്ക് ച. മീറ്ററിന് 60/- രൂപ നിരക്കിലും ആണ് വസ്തുനികുതി തീരുമാനിച്ചിരിക്കുന്നത്. എന്നാൽ താഴെ പറയുന്ന 100 ച. മീറ്ററിനു മുകളിലുള്ള, 31 കെട്ടിടങ്ങൾക്ക് 100 ച. മീറ്റർ വരെയുള്ള കെട്ടിടം എന്ന ഗണത്തിൽ പെടുത്തി അടിസ്ഥാന വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നതായി കാണുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം. | ഉടമയുടെ പേര് |
|---|---|---|
| 1 | 2/213/ | Balakrishnan |
| 2 | 2/446/ | SudheerkumarRoy & Sindhu |
| 3 | 3/137/A | Radhamani |
| 4 | 5/289/C | Jose |
| 5 | 5/357/ | Mathews P Mani & Jeena Jacob |
| 6 | 5/380/ | Jolly Joseph |
| 7 | 5/424/ | Reji Peter |
| 8 | 5/444/ | Mathew P John |
| 9 | 6/97/ | Chandrika |
| 10 | 6/548/ | The Plant Manager |
| 11 | 6/554/ | The Plant Manager |
| 12 | 6/557/ | The Plant Manager |
| 13 | 6/668/b | Bindhu |
| 14 | 7/31/ | Padmanabhan And Pachu |
| 15 | 7/32/A | Padmanabhan & Pachu |

| | | |
|---|---|---|
| 16 | 7/59/ | Varkey Mathew |
| 17 | 7/61/ | Varkey Mathew |
| 18 | 7/152/ | George Thomas |
| 19 | 8/109/ | Kishor |
| 20 | 8/122/ | Sugunan |
| 21 | 9/153/A | Prince (Kunjumon) |
| 22 | 14/8/B | Mary Joseph @ Mary |
| 23 | 15/313/C | Mini |
| 24 | 15/324/ | The President Sheerothpadakasahakarana Sangam |
| 25 | 17/207/B | M A Noushad M A Abdulsalam N A Rasheed |
| 26 | 17/207/C | M A Noushad M A Abdulsalam N A Rasheed |
| 27 | 17/207/D | M A Noushad,M A Abdulsalam,N A Rasheed |
| 28 | 17/207/E | M.A. Noushad,M.A. Abdul Salam,N.A. Rasheed |
| 29 | 17/212/ | MA, Noushad, N.A Abdul Salam & N.A. Rasheed |
| 30 | 17/220/ | Laila |
| 31 | 19/410/A | Pappachan,Treesa Pappachan |

സഞ്ചയ സോഫ്റ്റ്‌വെയറിൽ തെറ്റായ വിസ്തീർണ്ണം സെലക്ട് ചെയ്ത്, കുറഞ്ഞ നിരക്കിൽ നികുതി പിരിവ് നടത്തി പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാക്കുന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം.6/09.02.23) മറുപടി ലഭ്യമാക്കിയില്ല.

ARV (Annual Rental Value) കെട്ടിടങ്ങൾക്ക് നികുതിയിളവ് നൽകുന്നു എങ്കിൽ ആയതിന്റെ വിവരങ്ങൾ സഞ്ചയ രേഖപ്പെടുത്തലുകളിൽ വ്യക്തമാക്കേണ്ടതാണ്. നിലവിൽ ARV കെട്ടിടങ്ങൾക്ക് വസ്തു നികുതി തുകയുടെ വർദ്ധനവിനുള്ള പരിമിതി വിവരങ്ങൾ സഞ്ചയ രേഖപ്പെടുത്തലുകളിൽ വ്യക്തമല്ല. താഴെ ചേർത്തിരിക്കുന്ന വിധത്തിലാണ് സഞ്ചയ രേഖപ്പെടുത്തലുകൾ നടത്തിയിരിക്കുന്നത്. ഇത് ആശയക്കുഴപ്പത്തിനു കാരണമാകുന്നു.

| വസ്തു നികുതി തുകയുടെ വർദ്ധനവിനുള്ള പരിമിതി | |
|---|---|
| (എ) നിലവിലുള്ള നികുതി (തുക) | XX |
| (ബി) വസ്തുനികുതി വർദ്ധനവ് (തുക) | 0 |
| (സി) വർദ്ധനവ്(%) | 0 |
| (ഡി) ഉയർന്ന പരിമിതി (തുക) | 0 |
| (ഇ) താഴ്ന്ന പരിമിതി (തുക) | 0 |

വാണിജ്യാവശ്യത്തിനുള്ള നിലവിലുണ്ടായിരുന്ന കെട്ടിടങ്ങളുടെ നികുതി 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ (ബാധകമായവ) ആയത് പ്രകാരം പുനർനിർണ്ണയിക്കപ്പെട്ടിട്ടുണ്ടോ എന്ന വിവരവും ഘടനാപരമായ മാറ്റം വന്നിട്ടുള്ളവയ്ക്ക് ആയത് പ്രകാരം വസ്തുനികുതി പുനർനിർണ്ണയിക്കപ്പെട്ടിട്ടുണ്ടോ എന്ന വിവരവും ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.

C. 200ച. മീ. വരെയുള്ള സൂപ്പർമാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ എന്ന ഗണത്തിൽ (രത്നമ്മ, ഷിബുനിവാസ്) 15/334 എന്ന നമ്പരിലുള്ള കെട്ടിടം സഞ്ചയ പ്രകാരം നിലവിലുണ്ട്. ഇതിന്റെ തറവിസ്തീർണ്ണം രേഖപ്പെടുത്തിയിരിക്കുന്നത് 19 ച. മീ. എന്നാണ്. (മേൽ സൂപ്പർമാർക്കറ്റ് / ഷോപ്പിംഗ് മാൾ) കെട്ടിടത്തിന്റെ യഥാർത്ഥത്തിലുള്ള തറവിസ്തീർണ്ണം എത്രയെന്ന വിവരം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

മേൽ പരാമർശിക്കപ്പെട്ട കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയത്തിൽ അപാകതകളുണ്ടെങ്കിൽ പരിഹരിച്ച് രേഖകൾ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.

## 1-14 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ -അത്യാവശ്യ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല

ഉദയംപേരൂർ ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പ്രകാരം 2021-22 സാമ്പത്തികവർഷം 390 പെർമിറ്റ് അപേക്ഷകൾ ലഭ്യമായിട്ടുണ്ട് (ക്രമ നം. 206-497, 1-98). രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്തിട്ടില്ലാത്തതിനാൽ, ഇവയിൽ കെട്ടിട നിർമ്മാണം പൂർത്തിയായവ ഏതെന്ന് അറിയുവാൻ കഴിയുന്നില്ല. അവശ്യ വിവരങ്ങളായ Property Tax Mutation Number (കോളം

നമ്പർ -19) Assessment Number (കോളം നമ്പർ - 20) Nature Of Disposal And Date (കോളം നമ്പർ -23) എന്നിവ രേഖപ്പെടുത്താതിരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നും മേൽ വിവരങ്ങൾ എത്രയും വേഗം രേഖപ്പെടുത്തി രജിസ്റ്റർ ഓഡിറ്റിനായി ഹാജരാക്കേണ്ടതാണെന്നും ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം. 1/09.02.23 നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. അപാകത പരിഹരിച്ച് മേൽ വിവരങ്ങൾ രേഖപ്പെടുത്തി സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലുകളോടെ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ്.

## 1-15 ജി.ഐ. പോളുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതി - അപാകതകൾ

ഗ്രാമപഞ്ചായത്ത് റോഡുകളിൽ റോഡ് കട്ടിംഗ് നടത്തി ജി.ഐ. പോളുകൾ സ്ഥാപിക്കുന്നതിന് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 29.12.2021 ലെ 8(1) നമ്പർ തീരുമാനം പ്രകാരം അനുമതി നൽകിയിരിക്കുന്നത് ജിയോ ഡിജിറ്റൽ ഫൈബർ പ്രൈവറ്റ് ലിമിറ്റഡ്, ടെലിസോണിക് നെറ്റ് വർക്ക് ലിമിറ്റഡ് എന്നീ 2 ടെലികോം സ്ഥാപനങ്ങൾക്കാണ്. ഇതുമായി ബന്ധപ്പെട്ട അപാകതകൾ ഭാഗം 2-1 ൽ ചേർത്തിട്ടുണ്ട്.

## 1-16 സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം - ഗുണഭോക്താവിന് കൈമാറാത്ത തുകകൾ

മരണറിപ്പോർട്ടുകൾ ആസ്പദമാക്കി ഉദയംപേരൂർ ഗ്രാമപഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം പരിശോധിച്ചതിൽ മരണപ്പെടുന്നവരുടെ പെൻഷൻ അക്കൗണ്ടുകളുടെ സസ്പെൻഷൻ നടപടികൾ 10/2022 മുതൽ കൃത്യമായി നടപ്പിലാക്കി വരുന്നതായി കാണുകയുണ്ടായി. എങ്കിലും ചില അപാകതകൾ ശ്രദ്ധയിൽപ്പെട്ടത് താഴെ ചേർക്കുന്നു.

ഗുണഭോക്താവ് മരണപ്പെട്ട പെൻഷൻ അക്കൗണ്ട് സസ്പെൻഡ് ചെയ്യാൻ കാലതാമസം വന്നതിനാൽ, ഗുണഭോക്താവിന്റെ മരണശേഷവും "ഡയറക്റ്റ് ടു ഹോം" പെൻഷൻ വിതരണത്തിനായി തുക ബാങ്കിനു കൈമാറിയിട്ടുണ്ട്. ഗുണഭോക്താവിന് വീട്ടിൽ പെൻഷൻ എത്തിക്കുന്ന രീതിയിലുള്ള ഇവയിൽ തുക കൈമാറാൻ സാധിച്ചിട്ടില്ല എന്ന് സേവന സോഫ്റ്റ് വെയർ പ്രകാരം സ്റ്റാറ്റസ് കാണിക്കുന്നുണ്ട്. ടി തുകകൾ ഡി.ബി.റ്റി. സെല്ലിലേക്ക് തിരിച്ചടവാക്കിയെങ്കിൽ വിവരം സ്ററാറ്റസിൽ രേഖപ്പെടുത്തേണ്ടതാണ്. കൈമാറാൻ സാധിക്കാത്ത (അനർഹമായ കാലയളവിലെ) തുകകൾ എല്ലാം തന്നെ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്ക് ഹെഡ് ഓഫീസ് ബ്രാഞ്ചിലുള്ള അക്കൗണ്ടിലേക്ക് തിരികെ അടവാക്കേണ്ടതാണ്. അക്കൗണ്ട് നമ്പർ- 110110801000251 ഐ.എഫ്.എസ് കോഡ്- KSBK0000101.

സർക്കാർ ഉത്തരവ് ( എം. എസ്.) നം. 97/2020/ധന. തീ. 23.09.20 പ്രകാരമുള്ള മുന്നറിയിപ്പായി 41 പേരുടെ പെൻഷൻ വിവരങ്ങൾ സസ്പെന്റ് ചെയ്യാനുള്ളതായി സഹകരണബാങ്ക് ഓൺലൈൻ വഴി അറിയിച്ചിട്ടുണ്ട്. ആയതിനെ തുടർന്ന് ഗ്രാമപഞ്ചായത്ത്, ടി പെൻഷൻ അക്കൗണ്ടുകൾ സസ്പെന്റ് ചെയ്തു എങ്കിലും നിലവിലെ സ്റ്റാറ്റസ് കാണിക്കുന്നത് കൈമാറാൻ സാധിച്ചിട്ടില്ലാത്ത തുക നിലവിലും സഹകരണബാങ്കിന്റെ കൈവശത്തിലാണെന്നാണ്.
സമയപരിമിതി മൂലം 41 പേരിൽ , താഴെ പറയുന്ന 2 പേരുടെ വിവരങ്ങൾ മാത്രമാണ് വിശദമായി ഓഡിറ്റ് പരിശോധിച്ചത്.

കർഷക തൊഴിലാളി പെൻഷൻ

| ക്രമ നം. | പേര് | പെൻഷൻ ID | സസ്പെന്റ് ചെയ്ത തീയതി | കൈമാറാൻ സാധിക്കാത്ത കാലയളവ്, തുക | സ്റ്റാറ്റസ് |
|---|---|---|---|---|---|
| 1. | കാളി, | 106690100001 | 10.10.2022 | 9/2020 To 9/2022 - 38,900/- | തുക കൈമാറാൻ സാധിച്ചിട്ടില്ല |
| 2 | തളരി ചാത്തൻ | 106690100035 | 10.10.2022 | 10/19 To 9/2022 - 55,000/- | " |

ബാക്കി 39 പേരുടെ (ക്രമ നം. 3 മുതൽ 41 വരെ) പെൻഷൻ ID കൾ താഴെ ചേർക്കുന്നു.

| | |
|---|---|
| 3 | 106690100045 |
| 4 | 106690100081 |
| 5 | 106690100133 |
| 6 | 106690100138 |
| 7 | 106690100336 |
| 8 | 106690100385 |
| 9 | 106690100402 |
| 10 | 106690100420 |
| 11 | 106690100425 |

| | |
|---|---|
| 12 | 106690100535 |
| 13 | 106690203881 |
| 14 | 106690203402 |
| 15 | 106690203166 |
| 16 | 106690203141 |
| 17 | 106690202858 |
| 18 | 106690202659 |
| 19 | 106690202272 |
| 20 | 106690202061 |
| 21 | 106690201998 |
| 22 | 106690201586 |
| 23 | 106690201243 |
| 24 | 106690201009 |
| 25 | 106690200997 |
| 26 | 106690200983 |
| 27 | 106690200820 |
| 28 | 106690200750 |
| 29 | 106690200729 |
| 30 | 106690200677 |
| 31 | 106690200400 |
| 32 | 106690200374 |
| 33 | 106690200150 |
| 34 | 106690400321 |
| 35 | 106690400349 |
| 36 | 106690400364 |
| 37 | 106690600496 |
| 38 | 106690600510 |
| 39 | 106690600706 |
| 40 | 106690600844 |
| 41 | 106690600952 |

പരിശോധിച്ച് ഇവയിൽ കൈമാറാൻ സാധിക്കാത്ത തുകകൾ ഉണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് രേഖകൾ ഓഡിറ്റിനായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നം. 16/14.02.23 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കൈമാറാൻ സാധിക്കാത്ത (അനർഹമായ കാലയളവിലെ) തുകകൾ എല്ലാം തന്നെ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്ക് ഹെഡ് ഓഫീസ് ബ്രാഞ്ചിലുള്ള അക്കൗണ്ടിലേക്ക് തിരികെ അടവാക്കി വിവരം ബന്ധപ്പെട്ട പെൻഷൻ അക്കൗണ്ടിലെ സ്റ്റാറ്റസിൽ രേഖപ്പെടുത്തി രേഖകൾ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.

മറുപടിയിൽ പറയുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ ഓഡിറ്റ് മനസ്സിലാക്കുന്നു. എന്നാൽ സഹകരണ ബാങ്കിനു വിതരണത്തിനു കൈമാറിയ തുക ഗുണഭോക്താവിനു കൈമാറിയിട്ടില്ലെങ്കിൽ ആയത് തിരികെ അടവാക്കി വിവരം ബന്ധപ്പെട്ട പെൻഷൻ അക്കൗണ്ടിലെ സ്റ്റാറ്റസിൽ രേഖപ്പെടുത്തി രേഖകൾ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.

മറുപടിയിൽ പറയുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനായി താഴെ പറയുന്ന സർക്കാർ നിർദേശങ്ങൾ പാലിക്കേണ്ടതാണ്. മരണപ്പെടുന്നവരെയും അനർഹരായവരെയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കുന്നതിനുള്ള നിർദേശങ്ങൾ സംബന്ധിച്ച സർക്കുലർ നമ്പർ 63/2021/ ധന.തീയതി 02.08.2021 ലെ ക്രമ നം (1) പ്രകാരം പ്രാദേശിക സർക്കാരിൽ അതത് മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിരതാമസമാക്കിയ വ്യക്തികൾ ഉള്ള പക്ഷം അക്കാര്യം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രാദേശിക സർക്കാർ സെക്രട്ടറി, മരണപ്പെട്ട വ്യക്തി സ്ഥിരതാമസമാക്കിയിട്ടുള്ള പ്രാദേശിക സർക്കാരിൽ അടുത്ത മാസം പത്താം തീയതിക്കുമുമ്പ് അറിയിക്കേണ്ടതും ആയത് പരിശോധിച്ച്, മരണപ്പെട്ട അനർഹരായ ഗുണഭോക്താക്കൾക്കുള്ള പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടി ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറി സമയബന്ധിതമായി സ്വീകരിക്കേണ്ടതുമാണ്.

## 1-17 മരുന്നുകൾ ലഭ്യമാകുന്നതിന് കാലതാമസം

| | |
|---|---|
| പ്രോജക്ടിന്റെ പേര് | അലോപ്പതി മരുന്ന വാങ്ങൽ. |
| പ്രോജക്ട് നമ്പർ | 52/2021-22 |
| അടങ്കൽ | 4,50,000/- (Dev.Gen) |
| ചെലവ് | 4,50,000/- |
| ബിൽ നം./തീയതി, തുക | 17/27.05.21, 12768/-<br>35/09.06.21, 14976/-<br>74/03.08.21, 12671/-<br>273/05.01.22, 340471/-<br>269/05.01.22, 9999/-<br>401/26.02.22, 59115/- |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |

അലോപ്പതി മരുന്ന വാങ്ങലിനായി ചെലവഴിച്ച 4,50,000/- ൽ 1,09,529/- രൂപയുള്ള (ലോക്കൽ പർച്ചേസ്) മരുന്നുകൾ സമയബന്ധിതമായി ലഭ്യമായിട്ടുണ്ട്.

| പ്രൊഫോമ ഇൻവോയ്സ് നം. | തുക |
|---|---|
| 4325/21.12.21 | 340471/- |

എന്നാൽ മേൽ പ്രൊഫോമ ഇൻവോയ്സ് പ്രകാരം മെഡിക്കൽ സർവീസസ് കോർപറേഷന് നൽകിയിരിക്കുന്ന 3,40,471/- രൂപയിൽ, താഴെ പറയുന്ന ഇൻവോയ്സുകളിലായി 2,50,525/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. (മെഡിക്കൽ ഓഫീസർ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയതിനാൽ ഓഡിറ്റ് എൻക്വയറി നൽകിയില്ല)

| ക്രമ നം. | ഇൻവോയ്സ് നം. | തുക |
|---|---|---|
| 1. | 6361/20.07.22 | 27091.00 |
| 2. | 8839/22.08.22 | 88055.00 |
| 3 | 14500/20.10.22 | 47396.00 |
| 4 | 16379/08.11.22 | 7400.00 |
| 5 | 17972/21.11.22 | 18717.00 |
| 6 | 18586/24.11.22 | 45061.00 |
| 7 | 21163/23.12.22 | 12674.00 |
| 8 | 21528/29.12.22 | 2022.00 |
| 9 | 22111/06.01.23 | 2109.00 |
| | ആകെ | 2,50,525/- |

തുക നൽകി ഒരു വർഷത്തിന ശേഷവും ബാക്കി 89,946/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. ആയതിനാൽ സമയബന്ധിതമായി മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ആയതിന്റെ രേഖകൾ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാകുന്നതു വരെ 89,946/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-18 അങ്കണവാടികൾക്ക് കുടിവെള്ള സൗകര്യം ഒരുക്കൽ - അപാകതകൾ

| | | |
|---|---|---|
| പ്രോജക്ട് നം./പേര് | 176/22<br>അങ്കണവാടികൾക്ക് കുടിവെള്ള സൗകര്യം ഒരുക്കൽ | |
| നിർവ്വഹണം | സെക്രട്ടറി | |
| അടങ്കൽ | 100000/- (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്) | |
| ചെലവ് | ₹ 86,014/- | 1)363/15.02.22 - ₹22,635/-<br>2)554/25.03.22 - ₹12,770/-<br>3)570/28.03.22 - ₹50,609/- |

അങ്കണവാടികൾക്ക് കുടിവെള്ള സൗകര്യം ഒരുക്കുന്നതിനായി താഴെപ്പറയും പ്രകാരം മൂന്ന് പ്രവൃത്തികളാണ് മേൽ പ്രോജക്ട് മുഖേന നടപ്പാക്കിയത്.

| | | |
|---|---|---|
| 1 | വാട്ടർടാങ്ക് വാങ്ങൽ | 22,635 |

| | | |
|---|---|---|
| 2 | മോട്ടോർ പമ്പ് സെറ്റ് വാങ്ങൽ | 12,770 |
| 3 | ഇലക്ട്രിക്, പ്ലംബിംഗ് പ്രവൃത്തി | 50,609 |
| | ആകെ | 86,014 |

പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ

എ) അംഗീകരിച്ച പ്രോജക്ട് പ്രകാരം പദ്ധതിക്ക് വകയിരുത്തിയ തുക 60000/-രൂപയാണ്. ഭരണാനുമതി (നം-1(1), 24.11.21) ലഭിച്ചതും സമാന തുകയ്ക്കാണ്. എന്നാൽ ചെലവ് പത്രികയിൽ പദ്ധതി അടങ്കൽ 1 ലക്ഷം രൂപയാണെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. റിവൈസ് ചെയ്ത പ്രോജക്ട് ഹാജരാക്കിയില്ല .

ബി) പ്രവൃത്തി നടപ്പാക്കിയ അഞ്ച് അങ്കണവാടികൾ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നവയാണ്. (പുളിപ്പറമ്പ്-നം 31, മാളേക്കാട്-നം 30, ഒട്ടോളി-നം 29, കയർസൊസൈറ്റി-നം 13, മേക്കേരവെളി-നം 12) എന്നാൽ അവയുടെ 2021-22 വർഷത്തെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

സി) എടമ്പാടത്ത് ട്രേഡേഴ്സ്, ഉദയംപേരൂർ എന്ന സ്ഥാപനത്തിൽ നിന്നും ക്വട്ടേഷൻ മുഖേനയാണ് 12770/-രൂപ ചെലവഴിച്ച് മോട്ടോർ വാങ്ങിയത്. സെൽഫ് പ്രൈമിംഗ് മോട്ടോർ 3 എണ്ണവും (@2780x3=8340) സെൻട്രിഫ്യൂഗൽ 1 എണ്ണവുമാണ് (@4430) വാങ്ങിയത്. എന്നാൽ 12770/-രൂപയുടെ ടാക്സ് ഇൻവോയിസ് ഫയലിൽ ലഭ്യമായില്ല. മോട്ടോർ സ്ഥാപിച്ചതിന്റെ വിവരങ്ങളും ലഭ്യമാക്കിയില്ല.

ഡി) അഞ്ച് അങ്കണവാടികളിലാണ് പ്രവൃത്തി നടപ്പാക്കിയത്. എന്നാൽ 500 ലിറ്ററിന്റെ 9 Three Layer വാട്ടർ ടാങ്കുകളാണ് 22,635/-രൂപ (@2515x9) ചെലവഴിച്ച് വാങ്ങിയത്. വാങ്ങിയ 9 ടാങ്കുകൾ എവിടെയൊക്കെ സ്ഥാപിച്ചു എന്ന വിവരം ലഭ്യമാക്കിയില്ല.

ഇ) ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ മോണിട്ടറിംഗ് റിപ്പോർട്ട് ഹാജരാക്കിയില്ല.

എൻക്വയറി മുഖേന ആവശ്യപ്പെട്ടിട്ടും (നം-8/13.02.23) രേഖകൾ ഹാജരാക്കുകയോ പരാമർശങ്ങൾക്ക് വിശദീകരണം നൽകുകയോ ചെയ്യാത്തതിനാൽ ചെലവ് തുക (86,014/-) തടസ്സപ്പെടുത്തുന്നു.

1-19 പ്യൂരിഫയർ വാങ്ങൽ-അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം, പേര് | 233/22, പ്യൂരിഫയർ വാങ്ങൽ |
| നിർവഹണം | സെക്രട്ടറി |
| അടങ്കൽ | 1,24,000/- (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്) |
| ചെലവ് | 1,05,000/- ബിൽ നം-591/30.03.22 |

പഞ്ചായത്തിന് വിട്ടുകിട്ടിയ മൂന്ന് സ്ഥാപനങ്ങളിലേക്കും പി.എം.യു.പി. സ്കൂളിലേക്കും അക്രഡിറ്റഡ് ഏജൻസി മുഖേന വാട്ടർ പ്യൂരിഫയർ വാങ്ങി നൽകുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചതാണ് മേൽ പ്രോജക്ട്. ആയതിൽ പെടുത്തി കേരള സിഡ്കോയിൽ നിന്നും താഴെപ്പറയും പ്രകാരം നാല് വാട്ടർ പ്യൂരിഫയറുകൾ ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങിയിട്ടുണ്ട്.

Invoice No. -KTM/21-22/133, 30.03.2022

1) 100LPH SKID RO Water Purifier-1 എണ്ണം (45000/-രൂപ) 45000 + 18% GST = 53100/-
2) Water Purifier Tank -1 എണ്ണം=4983.05+18% GST=5880/-
3) CRUZW Standard Plus RO + Silver Nano Purifier - 3 എണ്ണം (@13000/- രൂപ) 39000+18% GST=46020/-

ആകെ ചെലവ് = 105000/-

പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ

പ്യൂരിഫയറുകൾ ഏത് സ്ഥാപനങ്ങൾക്കാണ് നൽകിയതെന്ന വിവരം ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയതും ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ ഇവ ഇൻസ്റ്റാൾ ചെയ്തു എന്ന് ബന്ധപ്പെട്ട സ്ഥാപന മേധാവികളുടെ സാക്ഷ്യപത്രവും സിഡ്കോയുമായി ചമച്ച കരാറും പരിശോധനയ്ക്ക് ഹാജരാക്കണമെന്നാവശ്യപ്പെട്ടുള്ള എൻക്വയറിയ്ക്ക് (നം-2/09.02.23 ) മറുപടി നൽകിയില്ല.

സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റിന്റെ 28.05.2015 തീയതിയിലെ ജി.ഒ (ആർ.ടി) 26/2015ാം നമ്പർ ഉത്തരവ് പ്രകാരം സിഡ്കോ സ്വയം നിർമിക്കുന്ന ഉൽപ്പന്നങ്ങളാണ് (Wooden, Steel, Hospital Furniture) ടെണ്ടർ കൂടാതെ തദ്ദേശസ്ഥാപനങ്ങൾക്ക് വാങ്ങാവുന്നത്. അല്ലാത്തവയെല്ലാം സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരമുള്ള ടെണ്ടർ-ക്വട്ടേഷൻ നടപടിക്രമങ്ങൾക്ക് വിധേയമായാണ് വാങ്ങേണ്ടതെന്നും ഉത്തരവിൽ നിർദ്ദേശിക്കുന്നു. പ്യൂരിഫയറുകൾ സ്വയം നിർമിച്ചവയാണെന്ന് സിഡ്കോ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇവയെല്ലാം സിഡ്കോയുടെ സ്വന്തം ഉൽപ്പന്നങ്ങളാണെന്ന് തെളിയിക്കുന്ന രേഖ ഹാജരാക്കേണ്ടതാണ്.

26/2015 നമ്പർ ഉത്തരവനുസരിച്ച് സിഡ്കോയിൽ നിന്നും ടെണ്ടർ കൂടാതെ വാങ്ങാവുന്ന ഉൽപ്പന്നങ്ങളുടെ ഗണത്തിൽ പ്യൂരിഫയറുകൾ ഉൾപ്പെട്ടിട്ടില്ലാത്തതുമാണ്.

വിതരണ രേഖകളുടേയും കരാറിന്റേയും അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

1-20 ഇൻസിനറേറ്റർ വാങ്ങി സ്ഥാപിച്ചത് - സർക്കാർ അംഗീകാരം തേടിയില്ല

| | |
|---|---|
| പ്രോജക്ട് നം, പേര് | 148/22, പഞ്ചായത്ത് ഓഫീസിന് ഇൻസിനറേറ്റർ വാങ്ങൽ |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ | ₹ 11,8,293/- (വികസനഫണ്ട് ജനറൽ) |
| ചെലവ് | ₹ 1,18,293/- (ബിൽ നം-127/23.09.21) |

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പ്രോജക്ട് പ്രകാരം Northamps ENV Solutions ഇരുമ്പനം എന്ന സ്ഥാപനത്തിൽ നിന്നാണ് ക്വട്ടേഷൻ മുഖേന ഇൻസിനറേറ്റർ വാങ്ങി പഞ്ചായത്ത് ഓഫീസിൽ സ്ഥാപിച്ചത്. ഇൻസിനറേറ്റർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടുള്ള തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02.12.2014ലെ 71875/DC1/2014 നമ്പർ സർക്കുലർ പ്രകാരം ശുചിത്വമിഷൻ/മലിനീകരണ നിയന്ത്രണ ബോർഡിന്റെ പരിശോധനയും ശുപാർശയും ശേഷവും സർക്കാരിൽ നിന്നുള്ള മുൻകൂർ അംഗീകാരം വാങ്ങിയ ശേഷവുമാണ് തദ്ദേശസ്ഥാപനങ്ങൾ ഇത്തരം മാലിന്യസംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കേണ്ടത്. സൂചിത സർക്കുലർ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചാണോ ഇൻസിനറേറ്റർ വാങ്ങി സ്ഥാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കണമെന്നാവശ്യപ്പെട്ടുള്ള എൻക്വയറിക്ക് (നം-3/09.02.23) മറുപടി നൽകിയില്ല. ഇൻസിനറേറ്ററിന്റെ മെയിന്റനൻസ്, വാറണ്ടി സംബന്ധമായ കാര്യങ്ങൾക്ക് മേൽ സ്ഥാപനവുമായി കരാർ ഉടമ്പടി ഉണ്ടോയെന്നും നിലവിൽ മെയിന്റനൻസ് എങ്ങനെയാണ് തുടർന്നുപോരുന്നത് എന്ന വിവരവും ലഭ്യമാക്കിയില്ല. പരാമർശങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും മുൻകൂർ അനുമതിയില്ലാതെ ഇൻസിനറേറ്റർ വാങ്ങിയ നടപടിക്ക് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങേണ്ടതുമാണ്. ജി.എസ്.ടി കുറച്ചുള്ള ചെലവ് തുക 1,00,248/- രൂപ തടസ്സപ്പെടുത്തുന്നു (118293-18045).

1-20-1 ഇൻവാലിഡ് ജി.എസ്.ടി.എൻ. നമ്പറിന്റെ അടിസ്ഥാനത്തിൽ നികുതി തുക അനുവദിച്ചു

ഇൻസിനേറ്റർ വാങ്ങിയതിന് GST ഉൾപ്പെടെയുള്ള 18,045/- രൂപയാണ് നോർത്ത് ആംമ്പ്സ് എന്ന സ്ഥാപനത്തിന് അനുവദിച്ചത്. എന്നാൽ ജി.എസ്.ടി. പോർട്ടൽ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ ടാക്സ് ഇൻവോയിസിൽ (നം-948/24.03.21) രേഖപ്പെടുത്തിയിട്ടുള്ള ജി.എസ്.ടി.എൻ. നമ്പർ (32ABBPZ5882H1ZA) ഇൻവാലിഡ് എന്ന് കാണുന്നു. എൻക്വയറി മുഖേന ആവശ്യപ്പെട്ടിട്ടും അംഗീകൃത ഇൻവോയിസ് ഹാജരാക്കിയില്ല. അംഗീകൃതമല്ലാത്ത ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ അനുവദിച്ച ജി.എസ്.ടി. തുക ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്ന് ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കേണ്ടതാണ്. അല്ലാത്ത പക്ഷം സെക്രട്ടറിയുടെ ബാധ്യതയായി നിജപ്പെടുത്തുന്നതാണ്.

1-21 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല(കെ.എസ്.ഇ.ബി.)

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി തൻവർഷം നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകൾ മുഖേന നിക്ഷേപ പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി.യ്ക്ക് തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല (എൻക്വയറി നം-10/13.02.23).

| പ്രോജക്ട് നം | അടങ്കൽ ചെലവ് ഫണ്ട് | പദ്ധതിയുടെ പേര് | ബിൽ നം/ചെക്ക്.നം, തീയതി, തുക | ചെലവ് |
|---|---|---|---|---|
| 29/22 | അടങ്കൽ- 20650/- ചെലവ്- 20650/- (വികസനഫണ്ട് ജനറൽ) | ഇലക്ട്രിക് പോസ്റ്റ് മാറ്റൽ 1)വലിയകുളം ജെ.ബി.സ്കൂളിലെ പോസ്റ്റ് മാറ്റൽ* 2)വാർഡ്-6, കൃഷ്ണമേനോൻറോഡിലെ പോസ്റ്റ് മാറ്റൽ | 1)ചെക്ക്.നം- 5481561/13.09.21- Rs.10237/-* 2)393/23.02.22- Rs.10413/- | 20650/- |
| 6/22 | അടങ്കൽ- 425078/- ചെലവ്- 425078/- (വികസനഫണ്ട് ജനറൽ) | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ 1) വിവിധ വാർഡുകളിൽ ലൈൻ നീട്ടൽ 2) ശ്മശാനത്തിലേയ്ക്ക് ലൈൻ നീട്ടൽ 3) ശ്മശാനത്തിലേയ്ക്ക് സിംഗിൾ ഫേസ് ഒ.എച്ച് | 1)87/13.08.21- Rs.115758/- 2)133/25.09.21- Rs.19394/- 3)283/10.01.22- Rs.289926/- | 425078/- |

| | | | | |
|---|---|---|---|---|
| | | ലൈൻ | | |
| | | ആകെ | | 445728/- |

*മേൽ ചെലവ് RP 47 -ൽ അഡ്വാൻസ് ഹെഡിൽപ്പെടുത്തിയിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതു വരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

1-21-1 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല(വാട്ടർ അതോറിറ്റി)

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി തൻവർഷം നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകൾ മുഖേന നിക്ഷേപ പ്രവൃത്തികൾക്കായി വാട്ടർ അതോറിറ്റിയ്ക്ക് തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല (എൻക്വയറി നം-10/13.02.23).

| പ്രോജക്ട് നം | അടങ്കൽ ചെലവ് ഫണ്ട് | പദ്ധതിയുടെ പേര് | ബിൽ നം (T.R.N) | ചെലവ് |
|---|---|---|---|---|
| 83/22 | അടങ്കൽ-2927500/- ചെലവ്-2875000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്-ടൈഡ് ) | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ 1)വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ- 12,3,4,5,19 2)ശ്മശാനത്തിലേയ്ക്ക് പൈപ്പ് ലൈൻ വലിക്കൽ | 1)465/14.03.22- Rs.1800000/- 2)509/22.03.22- Rs.1075000/- | 2875000/- |
| 235/22 | അടങ്കൽ-20000/- ചെലവ്-20000/- (മെയിന്റനൻസ് ഫണ്ട് – നോൺറോഡ്) | ആയുർവേദ ഡിസ്പെൻസറിക്ക് കുടിവെള്ള സൗകര്യം ഒരുക്കൽ | 576/29.03.22 | 20000/- * |
| | ആകെ | | | 2895000/- |

*മേൽ ചെലവ് RP 47-ൽ അഡ്വാൻസ് ഹെഡിൽപ്പെടുത്തിയട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കുന്നതു വരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

1-21-2 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല(ഐ.കെ.എം).

| | |
|---|---|
| പ്രോജക്ട് നം./ പേര് | 1/22, ഐ.കെ.എം. പ്രവർത്തനഫണ്ട് നൽകൽ |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ | 1,00,000/-രൂപ (വികസനഫണ്ട് ജനറൽ) |
| ചെലവ് | 1,00,000/-രൂപ (ബിൽ നം-155/08.10.21) |

പ്രവർത്തനഫണ്ടിനത്തിൽ മേൽ സൂചിപ്പിച്ച പ്രകാരം നൽകിയ 1,00,000/-രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഐ.കെ.എം.ൽ നിന്നും ലഭ്യമായിട്ടില്ല (എൻക്വയറി-4/08.02.23) വിനിയോഗ വിവരങ്ങൾ ലഭ്യമാക്കുന്നത് വരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

1-22 സ്കാനർ വാങ്ങൽ- ബാലൻസ് തുക ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് നം | 234/22 |
| പേര് | ഐ.എൽ.ജി.എം.എസ്. ഹൈസ്പീഡ് സ്കാനർ വാങ്ങൽ |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ | 200000 /- (തനത്ഫണ്ട്) |
| ചെലവ് | 96949/- (ചെക്ക്.നം-5481763/29.03.22) |

ഐ.എൽ.ജി.എം.എസ്. നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് A3 Sheet Fed സ്കാനർ വാങ്ങുന്നതിലേയ്ക്കായി CPRCS പോർട്ടൽ മുഖേന കെൽട്രോണിന് 96949/- രൂപ , തനത് ഫണ്ടിൽ നിന്നും നൽകിയിരുന്നു. (പ്രോഫോർമ ഇൻവോയിസ് നം.-TVM/ITBG/P1/RC/36889, 24.03.22). A3 സ്കാനർ ലഭ്യമാകാത്തതിനാൽ കെൽട്രോണിൽ നിന്നു തന്നെ A4 SHEETFED MEDIUM END സ്കാനർ രണ്ടെണ്ണം 44952/-രൂപയ്ക്ക് (@22476X2) വാങ്ങുകയുണ്ടായി. A3 സ്കാനർ വാങ്ങുവാൻ പദ്ധതി രൂപീകരിച്ചിട്ട് A4 സ്കാനർ വാങ്ങിയതു മൂലം A3 പ്രിന്റ് എടുക്കാൻ സാധിക്കാത്ത സാഹചര്യമാണ് ഇതിനാൽ ഉണ്ടായതെന്ന അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. ബാലൻസ് തുകയായ 51,997/- രൂപ (96949-44952) റീഫണ്ട് ചെയ്യണമെന്നറിയിച്ച് പഞ്ചായത്തിൽ നിന്നും SC3/3281/22 നമ്പരായി 01.11.22 തീയതിയിൽ

കെൽട്രോണിന് കത്ത് നൽകിയെങ്കിലും തുക നാളിതു വരെ തിരികെ ലഭ്യമായിട്ടില്ല (എൻക്വയറി-13/13.02.23 ). കെൽട്രോണിൽ നിന്നും തുക തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ബാലൻസ് തുക കെൽട്രോണിൽ നിന്നും ലഭ്യമാക്കി തനത് ഫണ്ടിൽ ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കുന്നത് വരെ 51,997/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-23 പൊതു ടാപ്പുകളുടെ വെള്ളക്കരം

431 ടാപ്പുകൾക്കായി നിലവിൽ 198809/- രൂപയാണ് പ്രതിമാസം വെള്ളക്കരമായി പഞ്ചായത്ത് അടവാക്കിവരുന്നത്. 2021 ഏപ്രിൽ മാസത്തെ ഡിമാന്റ് നോട്ടീസിൽ മുൻമാസത്തെ ബാലൻസായി 4517/-രൂപയും ഫൈനായി 89/-രൂപയും അടവാക്കുവാനുള്ളതായി രേഖപ്പെടുത്തിയിരുന്നു. ഓഡിറ്റ് വർഷം തൻമാസത്തെ ഡിമാന്റ് മാത്രമാണ് അടവാക്കിയത് എന്നതിനാൽ വർഷാന്ത്യം (As On 31/03/22) ആയത് യഥാക്രമം 5596/-, 110/- എന്നിങ്ങനെ വർദ്ധിച്ചിട്ടുണ്ട്. ഇപ്രകാരം കുടിശ്ശിക വരാനുണ്ടായ സാഹചര്യവും പ്രസ്തുത തുകകൾ പിന്നീട് ഒടുക്കിയിട്ടുണ്ടോയെന്നും വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടതിന് (എൻക്വയറി-24/15.02.23) മാർച്ച് 2020-ലെ വെള്ളക്കരം പ്രോസസ് ചെയ്തെങ്കിലും കോവിഡ് ലോക് ഡൌൺ മൂലം നിശ്ചിത സമയപരിധിക്കകം അടവാക്കുവാൻ കഴിഞ്ഞില്ലായെന്നും തുടർന്ന് ഡി.ഡി.പിയുടെ നിർദ്ദേശാനുസരണം 16.07.22 തീയതിയിൽ ഫൈനടക്കമുള്ള തുക അടവാക്കിയെന്നും അറിയിച്ചു.

ജല അതോറിറ്റിയുടെ കണക്കുകൾ പ്രകാരം 431 പൊതു ടാപ്പുകൾക്കുള്ള തുക വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്യുന്നുണ്ട്. എന്നാൽ ആയതിന്റെ വാർഡ് തിരിച്ചുള്ള വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. പൊതു ടാപ്പുകളുടെ വാർഡ് അടിസ്ഥാനത്തിലുള്ള രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കാത്തത് കാരണം കൃത്യമായ കണക്കിന്റെ അടിസ്ഥാനത്തിലാണോ വെള്ളക്കരം ഒടുക്കി വരുന്നതുന്നതെന്ന് പരിശോധിച്ച് ഉറപ്പുവരുത്തുവാൻ സാധിച്ചിട്ടില്ല.
സ.ഉ(സാധാ)നം.1275/09 തിയ്യതി 30.5.2009 പ്രകാരം പുറപ്പെടുവിച്ച കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്, കാര്യക്ഷമമാക്കൽ നിർദ്ദേശങ്ങൾ പ്രകാരം പ്രവർത്തിക്കാത്ത ടാപ്പുകൾക്ക് വെള്ളക്കരം ഒടുക്കുന്നില്ല എന്ന് ഉറപ്പാക്കുന്നതിനായി ജല അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതിന്റെ വിവരം/രേഖകൾ പരിശോധനയ്ക്ക് നൽകിയില്ല.
പൊതുടാപ്പുകൾ ഘട്ടം ഘട്ടമായി നിർത്തലാക്കുന്നതിനായി ഹൗസ് കണക്ഷനുകൾക്ക് സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള സബ്സിഡി അനുവദിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടെങ്കിലും (ഉദാ-വി.ഇ.ഒ. മുഖേന നടപ്പാക്കുന്ന ഗാർഹിക കുടിവെള്ള കണക്ഷൻ പ്രോജക്ടുകൾ) പൊതു ടാപ്പുകൾ നാളിതു വരെയും റദ്ദ് ചെയ്തതായി കാണുന്നില്ല.
ഓഡിറ്റ് നിർദ്ദേശം-അതോറിറ്റിയുമായി ചേർന്ന് വാട്ടർ ടാപ്പുകളുടെ സംയുക്ത പരിശോധന നടത്തി റിപ്പോർട്ട് ലഭ്യമാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ സ്ട്രീറ്റ് ടാപ്പുകളുടെ രജിസ്റ്റർ തയ്യാറാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-24 സാക്ഷരത പ്രേരകമാർക്ക് തനത്ഫണ്ടിൽ നിന്നും ഓണറേറിയം നൽകിയത് റീക്കുപ്പ് ചെയ്യപ്പെട്ടില്ല

ഗ്രാമപഞ്ചായത്തിലെ സാക്ഷരത പ്രേരകുമാരായ ശ്രീമതി എം.സി. ബേബി, ശ്രീമതി നിർമ്മല കെ.എം. എന്നിവരുടെ 2020 ഏപ്രിൽ-ജൂൺ മാസങ്ങളിലെ ഓണറേറിയം താഴെപ്പറയും പ്രകാരം തനത് ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്.

| | ഏപ്രിൽ മാസം നൽകിയ തുക വൗച്ചർ നം.,തീയതി | ജൂൺ മാസം നൽകിയ തുക വൗച്ചർ നം.,തീയതി | ആകെ |
|---|---|---|---|
| എം.സി.ബേബി | 8280/-<br>2210046/15.04.21 | 9000/-<br>22100244/07.06.21 | 17280/- |
| നിർമ്മല.കെ.എം | 7560/-<br>2210047/15.04.21 | 7560/-<br>22100245/07.06.21 | 15120/- |
| ആകെ | | | 32400/- |

സംസ്ഥാന സാക്ഷരത മിഷൻ അതോറിറ്റിയിലെ ഫണ്ട് അപര്യാപ്തത മൂലം സ.ഉ.(സാധാ)നം.626/2021 /ത.സ്വ.ഭ.വ.,തീയതി 26.02.2021 ലെ നിർദേശ പ്രകാരമാണ് സാക്ഷരത മിഷന് ഫണ്ട് ലഭ്യമാകുമ്പോൾ തുക തിരികെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നൽകണമെന്ന വ്യവസ്ഥയിൽ തനത് ഫണ്ടിൽ നിന്നും ഓണറേറിയം നൽകിയത്. തുക സാക്ഷരത മിഷനിൽ നിന്നും തിരികെ ലഭിച്ചിട്ടുണ്ടോയെന്ന ഓഡിറ്റ് അന്വേഷണത്തിന് (നം-26/15.02.23) മറുപടി ലഭ്യമാക്കിയില്ല. മിഷനിൽ നിന്നും തുക തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-25 ഡൊമിസിലറി കെയർ സെന്റർ - ഇലക്ട്രിസിറ്റി കണക്ഷൻ ഡെപ്പോസിറ്റ് തിരികെ വാങ്ങിയില്ല

വൗച്ചർ നം.-22100110/03.05.21, തുക-7132/-

കോവിഡ് കാലയളവിൽ ആരംഭിച്ച ഡൊമിസിലറി കെയർ സെന്ററിലേയ്ക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാകുന്നതിലേയ്ക്ക് (കൺസ്യൂമർ നം-2155492100199) മേൽ വൗച്ചർ പ്രകാരം 7132/- രൂപ കെ.എസ്.ഇ.ബി.യിൽ (അസി.എൻജിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ, തൃപ്പൂണിത്തുറ) ഡെപ്പോസിറ്റ് ചെയ്തിരുന്നു. (KSEB.Lr.no-DB1/21-22, 03.05.21)

ക്യാഷ് ഡെപ്പോസിറ്റ് – 5,000/-
ECSC തുക - 1,740+61=1,801
ജി.എസ്.ടി – 314
പ്രളയ സെസ് – 17
ആകെ – 7,132

കോവിഡ് രണ്ടാം തരംഗം അവസാനിച്ചതോടെ സെന്ററിന്റെ പ്രവർത്തനം പഞ്ചായത്ത് നിർത്തലാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്രസ്തുത കണക്ഷൻ വിച്ഛേദിക്കുന്നതിനും ഡെപ്പോസിറ്റ് തുകയായ 5,000/-രൂപ തിരികെ ലഭ്യമാകുന്നതിനും നടപടി കൈക്കൊണ്ടിട്ടുണ്ടോ എന്നന്വേഷിച്ച് നൽകിയ എൻക്വയറിയ്ക്ക് (നം-26/15.02.23) മറുപടി ലഭ്യമാക്കിയില്ല. മേൽ കണക്ഷൻ വിച്ഛേദിക്കുവാനും ഡെപ്പോസിറ്റ് തുക തിരികെ ലഭ്യമാക്കുവാനും ആവശ്യമായ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-26 മഴക്കാലപൂർവ്വ ശുചീകരണം - ചെലവ് രേഖകൾ പൂർണമായി ഹാജരാക്കിയില്ല

വൗച്ചർ.നം- 22100065/19.04.21, തുക- 200000/-രൂപ

ആരോഗ്യജാഗ്രത 2021 പദ്ധതിയുടെ ഭാഗമായി മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് വേണ്ടി ഗ്രാമപഞ്ചായത്തിലെ 20 വാർഡുകളിലേയും സാനിട്ടേഷൻ കമ്മിറ്റിയുടെ അക്കൗണ്ടിലേയ്ക്ക് 10,000/-രൂപ വീതം ആകെ രണ്ട് ലക്ഷം രൂപ മെഡിക്കൽ ഓഫീസർ മുഖാന്തിരം കൈമാറിയിട്ടുണ്ട്. ആയതിന്റെ ചെലവ് വൗച്ചറുകൾ ബാങ്ക് പാസ്ബുക്കിനൊപ്പം പരിശോധനയ്ക്ക് ഹാജരാക്കുവാനാവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ (എൻക്വയറി.നം-26/15.02.23) 18 വാർഡുകളിലെ വൗച്ചറുകൾ ലഭ്യമായി. ബാക്കി 2 വാർഡുകളിലെ (വാർഡ് നം-13, 14) ചെലവ് വിവരങ്ങൾ ലഭ്യമാക്കാത്തതിനാൽ പ്രസ്തുത വാർഡുകൾക്കായി കൈമാറിയ 20,000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

1-27 പദ്ധതി നിർവ്വഹണ ചെലവ് - പ്രിന്റിംഗ് കരാറുകാരിൽ നിന്ന് ആദായനികുതി ഈടാക്കിയില്ല

| | | |
|---|---|---|
| നം | 4/22 | |
| പേര് | പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിട്ടറിംഗ് | |
| നിർവഹണം | സെക്രട്ടറി | |
| അടങ്കൽ | 3,00,000/- (തനത് ഫണ്ട്) | |
| ചെലവ് | 2,92,422/- | 1)11/18.05.21 – ₹59091/-<br>2)62/13.07.21- ₹28650/-<br>3)66/26.07.21- ₹10168/-<br>4)129/23.09.21- ₹2000/-<br>5)130/23.09.21- ₹3427/-<br>6)198/12.11.21- ₹12959/-<br>7)200/12.11.21- ₹73487/-<br>8)233/01.12.21- ₹5120/-<br>9)292/13.01.22- ₹47423/-<br>10)326/25.01.22- ₹3900/-<br>11)391/21.02.22- ₹21235/-<br>12)394/23.02.22- ₹19470/-<br>13)414/26.02.22- ₹1692/-<br>14)455/08.03.22- ₹3800/- |

പദ്ധതി ആസൂത്രണ ചെലവുകളിൽ ഉൾപ്പെടുന്ന പ്രിന്റിംഗ് ജോലികൾക്കായി തൻവർഷം കരാർ ഏൽപ്പിച്ചത് മുളന്തുരുത്തിയിലുള്ള നൂറോണ പ്രസ് എന്ന സ്ഥാപനത്തെയാണ്. മേൽ പ്രോജക്റ്റിൽ പെടുത്തി ടി സ്ഥാപനത്തിന് താഴെപ്പറയും വിധം 1,27,499/- രൂപ നൽകിയിട്ടുണ്ട്.

1) ബിൽ നം. 11ൽ പെടുത്തി അനുവദിച്ച തുക- 32038/-രൂപ (12.04.21 തീയതിയിലെ 44, 47, 48, 54 നമ്പറുകളിലുള്ള ഇൻവോയിസുകൾ അനുസരിച്ച് അനുവദിച്ചത്)

2) ബിൽ നം. 200 ആയി അനുവദിച്ച തുക- 73487/-രൂപ (തീയതി രേഖപ്പെടുത്തിയിട്ടില്ല, 62, 63, 64, 66, 68, 69 നമ്പറുകളിലുള്ള ഇൻവോയിസുകൾ അനുസരിച്ച് അനുവദിച്ചത്)

3) ബിൽ നം.292ൽ പെടുത്തി അനുവദിച്ച തുക- 21974/-രൂപ (10.12.21, 07.01.22, 13.01.22 തീയതികളിലെ 88, 93, 94 നമ്പറുകളിലുള്ള ഇൻവോയിസുകൾ അനുസരിച്ച് അനുവദിച്ചത്)

ആദായനികുതി നിയമം സെക്ഷൻ 194C പ്രകാരം കരാർ പ്രവൃത്തികളിൽ നിന്ന് ഈടാക്കേണ്ടുന്ന 1% ശതമാനം ആദായനികുതി (1275/-രൂപ) മേൽ ബില്ലുകളിൽ നിന്നും ഈടാക്കാതെയാണ് കരാറുകാരന് തുക അനുവദിച്ചത്. പരാമർശത്തിന് മറുപടി നൽകിയിട്ടില്ല (എൻക്വയറി-28/16.02.23). നികുതിയിനത്തിൽ നഷ്ടമായ തുക ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും ഈടാക്കി ആദായനികുതി വകുപ്പിൽ അടവാക്കേണ്ടതാണ്.

## 1-28 തെരുവ് വിളക്ക് പരിപാലനം - പൊതു അപാകതകൾ

തെരുവു വിളക്കുകളുടെ റിപ്പയറും പരിപാലനവും നടത്തുന്നതിനായി സർക്കുലർ നം.3055/ഡി.എ3 /2011/തസ്വഭവ, തീയതി 15.9.2011 പ്രകാരം സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് നൽകിയ താഴെ പറയുന്ന പരാമർശങ്ങൾക്ക് മറുപടി/രേഖകൾ ലഭ്യമാക്കിയില്ല (എൻക്വയറി.നം-29/16.02.23)

1. കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥരും, പഞ്ചായത്ത് അധികൃതരും ഒരു സംയുക്ത പരിശോധനയിലൂടെ പ്രവർത്തനക്ഷമവും അല്ലാത്തതുമായ തെരുവ് വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ തെരുവ് വിളക്കുകളുടെ രജിസ്റ്റർ കാലികമാക്കേണ്ടതുമാണ്. ഇത്തരത്തിൽ തയ്യാറാക്കിയിട്ടുള്ള വാർഡ് തിരിച്ചുള്ള തെരുവ് വിളക്കുകളുടെ രജിസ്റ്റർ പരിശോധനയ്ക്ക് നൽകിയില്ല.

2. എല്ലാ തെരുവു വിളക്കുകളും മീറ്ററിനു കീഴിൽ കൊണ്ടു വരുവാൻ നടപടികൾ സ്വീകരിക്കേണ്ടതും അത് വഴി തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് കുറവു ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണെന്നും ഉത്തരവിൽ നിർദ്ദേശിക്കുന്നു. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 12.03.2013 ലെ സർക്കാർ ഉത്തരവ് നം 65529/ഡി.സി 3/13 പ്രകാരവും എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോട് കൂടിയ ഓട്ടോമാറ്റിക്ക് തെരുവ് വിളക്കുകൾ സ്ഥാപിക്കണമെന്നും ആയതിന്റെ സാങ്കേതിക സഹായം കെ.എസ്.ഇ.ബി നല്കുന്നതും, ആവശ്യമായ തുക കെ.എസ്.ഇ.ബി യിൽ ഒടുക്കേണ്ടതുമാണ് എന്നും നിർദ്ദേശിക്കുന്നു. എന്നാൽ പഞ്ചായത്തിൽ തെരുവു വിളക്കുകൾക്ക് നാളിതുവരെ മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. ആയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

3. ഗ്രാമപഞ്ചായത്തിലെ ഊർജ്ജ ഉപഭോഗം കൂടുതലുള്ള ലാമ്പുകൾക്ക് (നിലവിൽ ട്യൂബ് ലൈറ്റുകളാണ് പഞ്ചായത്തിൽ കൂടുതലായും ഉപയോഗിക്കുന്നത്) പകരം ഊർജ്ജ ഉപഭോഗം കുറവും ആയുസ്സ് കൂടുതലുള്ളതുമായ എൽ.ഇ.ഡി ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള തുടർ പദ്ധതികൾ ആവിഷ്കരിക്കുവാനും ഉത്തരവിൽ നിർദ്ദേശമുണ്ട്. 2021-22 സാമ്പത്തിക വർഷം തെരുവ് വിളക്കിന്റെ വൈദ്യുതിചാർജിനത്തിൽ പഞ്ചായത്ത് 4046785/-രൂപ അടവാക്കിയിട്ടുണ്ട്. 14.02.2018 ലെ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സർക്കാർ ഉത്തരവ് നം (കൈ ) 22/2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗ രേഖയിലെ 7.9.2 ൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തെരുവ് വിളക്കുകൾ എൽ.ഇ.ഡി. ലൈറ്റുകൾ ആക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ച് പറയുന്നുണ്ട്. എൽ.ഇ.ഡി. ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി സർക്കാർ ആവിഷ്കരിച്ച നിലാവ് പദ്ധതി പഞ്ചായത്തിൽ നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കിയില്ല.

4. തെരുവ് വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ സ്വീകരിക്കലും തുടർനടപടികൾക്കുമായി ഒരു നോഡൽ ഓഫീസറേയും നോഡൽ പോയിന്റുകളും നിശ്ചയിക്കേണ്ടതും, തെരുവ് വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, നോഡൽ ഓഫീസർ ഇത് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇപ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നതിനും മറുപടി ലഭിച്ചില്ല.

ഓഡിറ്റ് നിർദ്ദേശം :- തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട വിവിധ സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും അതനുസരിച്ചുള്ള രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്. സംയുക്തപരിശോധന നടത്തി വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തേണ്ടതും വിളക്കുകൾക്ക് മീറ്റർ ഘടിപ്പിക്കേണ്ടതുമാണ്. നിലാവ് പദ്ധതി നടപ്പാക്കുവാനും നടപടിയെടുക്കേണ്ടതാണ്. പ്രവർത്തനങ്ങളുടെ തുടർ പുരോഗതി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-29 ഫയൽ ഹാജരാക്കിയില്ല-ചെലവ് തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി രണ്ട് സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് പ്രോജക്റ്റുകളാണ് തൻവർഷം നടപ്പാക്കിയത്.

1)2/22(new)- അടങ്കൽ-1000000, ചെലവ്-961731 (തനത് ഫണ്ട്)

2)106/22(SO)-അടങ്കൽ-724068, ചെലവ്-393716 (തനത് ഫണ്ട്) (ബിൽ.നം-25/01.06.21)

ഇവയിൽ 106-ാംനമ്പർ പ്രോജക്റ്റ് ഫയൽ വാക്കാൽ ആവശ്യപ്പെട്ടിട്ടും എൻക്വയറി നൽകിയിട്ടും (നം-29/16.-2.23) ഓഡിറ്റിനായി ഹാജരാക്കിയില്ല. ആയതിനാൽ 393716/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-30 ഹൈമാസ്റ്റ് ലൈറ്റുകൾക്ക് എ.എം.സി. - പ്രവൃത്തി നടപ്പാക്കിയതിന് രേഖയില്ല

| | |
|---|---|
| പ്രോജക്റ്റ് നം./ പേര് | 109/22(SO), ഹൈമാസ്റ്റ് ലൈറ്റുകൾക്ക് AMC |
| നിർവഹണം | സെക്രട്ടറി |
| അടങ്കൽ | 236710/- (തനത് ഫണ്ട്) |
| ചെലവ് തുക | 235436/- (ബിൽ.നം-135, Dtd. 28.09.21) |

2020-2021 വാർഷിക പദ്ധതിയിൽപെടുത്തി നടപ്പാക്കിയ 231/21 നമ്പർ പദ്ധതി സ്പിൽ ഓവറായി നടപ്പ് വർഷം തുടർന്നതാണ് മേൽ പ്രോജക്റ്റ്. അക്രഡിറ്റഡ് ഏജൻസിയായ കെൽട്രോണാണ് പ്രവൃത്തിയുടെ കരാർ (തീയതി-02.11.20, കാലയളവ്-02.11.20-01.11.21) ഏറ്റെടുത്തത്. പൂത്തോട്ട, പുതിയകാവ്, കണ്ടനാട്, നടക്കാവ്, ഉദയംപേരൂർ എന്നിവിടങ്ങളിൽ സ്ഥിതി ചെയ്യുന്ന അഞ്ച് ഹൈമാസ്റ്റ് ലൈറ്റുകളുടെ എ.എം.സി.യ്ക്ക് 2,98,726/-രൂപയുടെ എസ്റ്റിമേറ്റാണ് (നം-tsd/mktg/hm/235/20-21,29.10.20) അക്രഡിറ്റഡ് ഏജൻസിയായ കെൽട്രോൺ നൽകിയത്. നാല് ക്വാർട്ടറുകളിലായി തുക നൽകണമെന്നതായിരുന്നു കരാർ വ്യവസ്ഥ. അതനുസരിച്ച് 63,290/-രൂപ 2020-21 സാമ്പത്തികവർഷം നൽകിയിട്ടുണ്ട്. ബാക്കി തുകയായ 2,35,436/-രൂപയാണ് തൻവർഷം അനുവദിച്ചിട്ടുള്ളത്. (ഇൻവോയിസ് നം-1) 4569/23.03.21-224044/-, 2) 4569/23.03.21-74682/-)

പ്രോജക്റ്റ് നിർവഹണത്തിലെ അപാകതഃ-

പ്രസ്തുത ഹൈമാസ്റ്റ് ലൈറ്റുകൾ അറ്റകുറ്റപ്പണി ചെയ്തതായി വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഹൈമാസ്റ്റ് ലൈറ്റുകളുടെ മെയിന്റനൻസ് കെൽട്രോൺ നടത്തിയതു സംബന്ധിച്ച് കെ.എസ്.ഇ.ബി.യിൽ നിന്നുമുള്ള സാക്ഷ്യപത്രവും ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. മേൽപ്പറഞ്ഞവയെ കൂടാതെ പനച്ചിക്കൽ, കമ്പിക്കകം എന്നിവിടങ്ങളിലും ഹൈമാസ്റ്റ് ലൈറ്റ് ഉള്ളതായും അവയുടെ വൈദ്യുതി ചാർജ് തനത് ഫണ്ടിൽ നിന്നും അടവാക്കിയതായും വൗച്ചർ പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ രണ്ട് ഹൈമാസ്റ്റ് ലൈറ്റുകളുടെയും എ.എം.സി. ഏത് ഏജൻസിക്ക് ആണ് നൽകിയിരിക്കുന്നതെന്ന് വ്യക്തമല്ല. മേൽ പരാമർശങ്ങൾക്ക് വിശദീകരണമാവശ്യപ്പെട്ടതിന് (എൻക്വയറി.നം-30/16.02.23) മറുപടി നൽകിയില്ല. പ്രവൃത്തി നടത്തി എന്നുറപ്പാക്കാനുതകുന്ന രേഖകളും സാക്ഷ്യപത്രവും ഹാജരാക്കാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 1-31 വക്കീൽ ഫീസ്-ആദായ നികുതി സ്രോതസിൽ നിന്നും കുറവ് ചെയ്തില്ല

അഡ്വ.സി.ജി.ബിന്ദുവിനും അഡ്വ.പി.എൻ.സുകുമാരനും വക്കീൽ ഫീസ് ഇനത്തിൽ 2021-22 വർഷം തനത് ഫണ്ടിൽ നിന്ന് ചുവടെ ചേർക്കുന്ന വൗച്ചറുകൾ പ്രകാരം തുക നൽകിയിട്ടുണ്ട്. എന്നാൽ 1961 ലെ ആദായ നികുതി നിയമം, വകുപ്പ് 194 J പ്രകാരം പ്രൊഫഷണൽ ചാർജിൽ നിന്നും ഈടാക്കേണ്ട 10% ആദായ നികുതി സ്രോതസിൽ കുറവ് ചെയ്യാതെയാണ് ഇരുവർക്കും തുക നൽകിയത്

| നമ്പർ | വൗച്ചർ നമ്പരും തീയതിയും | തുക | സ്രോതസിൽ കുറവ് ചെയ്യേണ്ടിയിരുന്ന ആദായ നികുതി |
|---|---|---|---|
| | അഡ്വ.സി.ജി.ബിന്ദു | | |
| 1 | 22100078/22.04.21 | 30,000 | 3000 |
| 2 | 22100186/31.05.21 | 15,000 | 1500 |
| 3 | 22100377/20.07.21 | 10,000 | 1000 |
| 4 | 22100577/16.09.21 | 15,000 | 1500 |
| 5 | 22100585/22.09.21 | 15,000 | 1500 |
| 6 | 22100922/23.12.21 | 15,000 | 1500 |
| 7 | 22101147/08.02.22 | 15,000 | 1500 |
| 8 | 22101169/15.02.22 | 30,000 | 3000 |
| 9 | 22101293/15.03.22 | 30,000 | 3000 |
| | ആകെ | 175000/- | 17500/- |
| | അഡ്വ.പി.എൻ.സുകുമാരൻ | | |

| | | | |
|---|---|---|---|
| 1 | 22100070/20.04.21 | 15,000 | 1500 |
| 2 | 22100497/18.08.21 | 15,000 | 1500 |
| 3 | 22100512/27.08.21 | 20,000 | 2000 |
| 4 | 22100551/02.09.21 | 15,000 | 1500 |
| 5 | 22100794/11.11.21 | 10,000 | 1000 |
| 6 | 22100795/11.11.21 | 10,000 | 1000 |
| 7 | 22100796/11.11.21 | 10,000 | 1000 |
| 8 | 22100883/08.12.21 | 30,000 | 3000 |
| 9 | 22101058/13.01.22 | 50,000 | 5000 |
| | ആകെ | 175000/- | 17500/- |

35000/-രൂപ (17500x2) ടി.ഡി.എസ്.ആയി ഈടാക്കി കേന്ദ്ര ഗവൺമെന്റിൽ അടവാക്കാതിരുന്നതിന് വിശദീകരണമാവശ്യപ്പെട്ടുള്ള എൻക്വയറിയ്ക്ക് (നം-32/17.02.23) മറുപടി ലഭ്യമാക്കിയില്ല. നികുതിയിനത്തിലുണ്ടായ നഷ്ടം ബന്ധപ്പെട്ട വ്യക്തികളിൽ നിന്ന് ഈടാക്കി ആദായ നികുതി വകുപ്പിലടവാക്കേണ്ടതും അടവ് വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

1-32 കുട്ടികൾക്കുള്ള ജില്ലാ വെബ് പോർട്ടൽ – ചെലവ് തുക വിനിയോഗിക്കപ്പെട്ടില്ല

| | |
|---|---|
| പ്രൊജക്ട് നം., പേര് | 0204/22, കുട്ടികൾക്കുള്ള ജില്ലാ വെബ് പോർട്ടൽ |
| അടങ്കൽ | 12,500/-(വികസനഫണ്ട്-ജനറൽ) |
| ചെലവ് | 12,500/- ,TRN 9129/17.03.22 |
| നിർവഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

ജില്ലാ വനിതാ ശിശു വികസന ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി കൊച്ചി കോർപറേഷൻ, നഗരസഭകൾ, ഗ്രാമപഞ്ചായത്തുകൾ എന്നിവയുമായി ചേർന്ന് നടപ്പാക്കുന്നതിന് ഏറ്റെടുത്ത പദ്ധതിയാണ് കുട്ടികൾക്കുള്ള ജില്ലാ വെബ് പോർട്ടൽ (സംയുക്തം).ടി സംയുക്ത പദ്ധതിക്കായി ജില്ലാ പഞ്ചായത്ത്, കോർപറേഷൻ വിഹിതം 50,000/- രൂപ വീതവും നഗരസഭാവിഹിതമായി 25,000/- രൂപയും ഗ്രാമപഞ്ചായത്ത് വിഹിതമായി 12,500/- രൂപയും ചെലവഴിക്കുവാൻ തീരുമാനിച്ചതിനെത്തുടർന്ന് വികസനഫണ്ടിൽ നിന്നും 12,500/- രൂപ ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. 10.06.22 ലെ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ DP 15- 567/22 നം.കത്ത് പ്രകാരം എറണാകുളം ജില്ലയിലെ 66 ഗ്രാമപഞ്ചായത്തുകളിൽ നിന്നും 7 നഗരസഭകളിൽ നിന്നും കൊച്ചി നഗരസഭയിൽ നിന്നുമായി ആകെ 10,57,500/- രൂപ ജില്ലാ പഞ്ചായത്തിന്റെ ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ ലഭിച്ചിരുന്നുവെങ്കിലും പദ്ധതി വൈകിയതുകാരണം ഫണ്ട് ചെലവഴിക്കാനായില്ല എന്നാണ് കത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ടി തുക ഫിനാൻസ് (സ്ട്രീംലൈനിംഗ്) വകുപ്പിന്റെ 30.09.21 ലെ 86/2021/ഫിൻ നമ്പർ സർക്കുലർ പ്രകാരം 31.03.22ൽ സർക്കാർ തിരികെ എടുത്തിട്ടുള്ളതാണെന്നും കത്തിൽ പരാമർശിച്ചിട്ടുണ്ട്(എൻക്വയറി നം.14/13.02.23).

1-33 മേശയും കസേരയും വിതരണം ചെയ്തില്ല

| | |
|---|---|
| പ്രൊജക്ട് നം., പേര് | 0025/22,<br>എസ്.സി. വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ |
| അടങ്കൽ | 1,98,000 /- (വികസനഫണ്ട്-SCP) |
| ചെലവ് | 1,98,000 /- , TRN 9419 / 23.03.22 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് മേശയും കസേരയും വിതരണം ചെയ്യുന്നതിന് നടപ്പാക്കിയതാണ് ഈ പദ്ധതി. ARTCO യിൽ നിന്നാണ് ഇൻവോയ്സ് നം.726 / 16.03.22 പ്രകാരം 40 വീതം മേശയും കസേരയും 4950 /- രൂപ നിരക്കിൽ വാങ്ങിയത്. സ്കൂളുകളിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ പ്രകാരമാണ് ഗുണഭോക്താക്കളെ തെരെഞ്ഞെടുത്തിട്ടുള്ളത്. വിതരണരജിസ്റ്റർ പ്രകാരം 38 പേർ മാത്രമേ ഇവ കൈപ്പറ്റിയിട്ടുള്ളൂ. SNDP HSSലെ വിദ്യാർത്ഥികളായ മീനാക്ഷി മധു, അഭിനവ് അജയൻ എന്നീ രണ്ട് വിദ്യാർത്ഥികൾ ഇവ കൈപ്പറ്റിയിട്ടില്ല. വിതരണം ചെയ്യുന്നതിന് ഇവർ പഠിക്കുന്ന സ്കൂളുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കാതെ മേശയും കസേരയും ഇപ്പോഴും കമ്മ്യൂണിറ്റി ഹാളിൽ വെറുതെ ഇട്ടിരിക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് എൻക്വയറി നല്കിയെങ്കിലും (നം.5, 09.02.23) മറുപടി ലഭ്യമാക്കിയില്ല. വിതരണം ചെയ്യാത്ത ഉപകരണങ്ങളുടെ വിലയായ 9900/- (2 X 4950) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-34 കട്ടിലുകൾ വിതരണം ചെയ്യാതെ അവശേഷിക്കുന്നു

വൃദ്ധർക്ക് കട്ടിൽ വിതരണം ചെയ്യുന്നതിനായി അസിസ്റ്റന്റ് സെക്രട്ടറി രണ്ട് പദ്ധതികൾ ഓഡിറ്റ് വർഷം നടപ്പിലാക്കിയിട്ടുണ്ട്. SIDCO യിൽ നിന്നും മഹാഗണിയിൽ നിർമ്മിച്ചതും 4,250/- രൂപ വിലയുള്ളതുമായ 30, 16 വീതം കട്ടിലുകളാണ് ഇതിനായി വാങ്ങിയത്. ഈ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ പറയുന്നു.

1-34-1 കട്ടിൽ വിതരണം- പട്ടികജാതി

| | |
|---|---|
| പ്രൊജക്ട് നം., പേര് | 0214/22, കട്ടിൽ വിതരണം(പട്ടികജാതി) |
| അടങ്കൽ | 1,30,500 /- (വികസനഫണ്ട് - SCP) |
| ചെലവ് | 1,27,500 /- ,TRN 9555/26.03.22<br>(SIDCO ഇൻവോയ്സ് നം. TDPA/21-22/ 104-21.03.22) |

30 കട്ടിലുകൾ വാങ്ങിയിട്ടുണ്ടെങ്കിലും വിതരണരജിസ്റ്റർ പ്രകാരം ഒരു കട്ടിൽ വിതരണം ചെയ്തിട്ടില്ല.

1-34-2 കട്ടിൽ വിതരണം - പട്ടികവർഗം

| | |
|---|---|
| പ്രൊജക്ട് നം./പേര് | 0228/22, വയോജനങ്ങൾക്ക് കട്ടിൽ (പട്ടികവർഗം) |
| അടങ്കൽ | 68,000 /- (വികസനഫണ്ട് - TSP) |
| ചെലവ് | 68,000 /- , TRN 9661/27.03.22<br>(SIDCO ഇൻവോയ്സ് നം. TDPA/21-22/ 114-22.03.22) |

16 കട്ടിലുകൾ വാങ്ങിയിട്ടുണ്ടെങ്കിലും വിതരണരജിസ്റ്റർ പ്രകാരം ഒരു കട്ടിൽ വിതരണം ചെയ്തിട്ടില്ല.

രണ്ട് പദ്ധതികളിലായി രണ്ട് കട്ടിലുകൾ വിതരണം ചെയ്യാതെ അവശേഷിക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് (നം.7/13.02.23) മറുപടി ഹാജരാക്കിയില്ല. വിതരണം ചെയ്യാത്ത 2 കട്ടിലുകളുടെ വിലയായ 8,500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-35 പൊതുശ്മശാനം നിർമ്മാണം - പൂർത്തീകരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ 2020-21 വർഷത്തെ പ്രോജക്ടാണ് പൊതുശ്മശാനം നിർമ്മാണം. ആകെ അടങ്കൽ 74,80,000/- രൂപയായിരുന്നു കണക്കാക്കിയിരുന്നത്. അക്രെഡിറ്റഡ് ഏജൻസിയായ കോസ്റ്റ് ഫോർഡ് മുഖേന നേരിട്ട് പദ്ധതി നിർവ്വഹണം നടത്തുന്നതിനായിരുന്നു വിഭാവനം ചെയ്തിരുന്നത്. സാങ്കേതികാനുമതി (TS NO. 49264/2020-21 Dated. 2-8-20) ലഭിച്ച ടി പ്രോജക്ട് കോസ്റ്റ് ഫോർഡുമായി എഗ്രിമെന്റ് (Agt.NO. 6/AE/LSGD/UGP/20-21 Dated.6-11-20 ) വെയ്ക്കുകയും അന്നേ ദിവസം തന്നെ സൈറ്റ് ഹാന്റ് ഓവർ ചെയ്തിട്ടുള്ളതുമാണ്. കരാർ പ്രകാരം പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 12 മാസമായിരുന്നു. എന്നാൽ നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

നടക്കാവ്-മുളന്തുരുത്തി റൂട്ടിൽ കോണോത്ത് പുഴയുടെ അടുത്താണ് നിർദ്ദിഷ്ട ക്രിമറ്റോറിയം നിർമ്മിക്കാൻ പോകുന്ന സ്ഥലം സ്ഥിതി ചെയ്യുന്നത്. പുഴയോട് ചേർന്ന് കിടക്കുന്ന സ്ഥലം ആയതിനാൽ നിർമ്മാണ പ്രവർത്തികൾക്ക് പൈൽ ഫൗണ്ടേഷൻ വേണമെന്ന സാങ്കേതിക ഉപദേശമാണ് ലഭ്യമായിട്ടുള്ളത്. അതനുസരിച്ച് 300 Mm Diaപൈൽ 7.5 ആഴത്തിൽ നിർമ്മിച്ചാണ് കോമ്പൗണ്ട് വാളിനുവേണ്ടിയുള്ള ഫൗണ്ടേഷൻ തയ്യാറാക്കിയിരിക്കുന്നത്. പ്ലോട്ട് നിരപ്പല്ലാത്തതുകൊണ്ട് ലാൻഡ് ഫില്ലിങ്ങ് കൊടുത്തിട്ടുണ്ട്. 04-06-2019ലെ 2ാം നം. കമ്മിറ്റി തീരുമാനപ്രകാരം ഉദയംപേരൂർ ഗ്രാമപഞ്ചായത്തിലെ 6ാം വാർഡിൽ റീ സർവ്വേ നം. 416/4,5 ൽ പ്പെട്ട 40 സെന്റ് സ്ഥലത്ത് ഗ്യാസിൽ പ്രവർത്തിക്കുന്ന ശ്മശാനം നിർമ്മിക്കുന്നതിന് 2019-20 വാർഷിക പദ്ധതിയിൽ 75,00,000/- രൂപ വകയിരുത്തി പദ്ധതി ഏറ്റെടുത്തിട്ടുണ്ട്. ശ്മശാനം നിർമ്മാണത്തിന് കെട്ടിട നിർമ്മാണം ഒഴിച്ചുള്ള വേലകൾ ചെയ്യുന്നതിന് ഉള്ള ക്ഷമത എൽ.എസ്.ജി.ഡി. എഞ്ചിനീയർക്ക് ഇല്ലെന്ന് യോഗം വിലയിരുത്തി, ശ്മശാനം നിർമ്മാണം നടത്തി പരിചയസമ്പന്നരും അക്രെഡിറ്റഡ് ഏജൻസിയുമായ കോസ്റ്റ് ഫോർഡ് എന്ന സ്ഥാപനത്തെ ഏൽപ്പിച്ചു. കോസ്റ്റ് ഫോർഡുമായി 25-6-21 ൽ (Agreement No. 6/AE/LSGD/UGP/20-21 Dated. 25-6-21) എഗ്രിമെന്റ് വെച്ചു. അന്നേ ദിവസം തന്നെ സൈറ്റ് കൈമാറുകയും ചെയ്തു. സാങ്കേതികാനുമതി ലഭിച്ച തുക 74,80,000/-രൂപയാണ്. കരാർ പ്രകാരം പ്രവൃത്തി ആരംഭിക്കുമ്പോൾ തന്നെ 20% തുക അഡ്വാൻസ് നല്കുകയും (14,00,000/-) ചെയ്തിട്ടുണ്ട്. 24-6-21 തീയതിയിൽ നടന്ന സാധാരണ കമ്മിറ്റി തീരുമാനം നം. 7(1) പ്രകാരം കോസ്റ്റ് ഫോർഡിന് അഡ്വാൻസ് തുകയായ 14,00,000/- രൂപ കൈമാറി 6 മാസം കഴിഞ്ഞിട്ടും കോസ്റ്റ് ഫോർഡ് പ്രവൃത്തി ഏറ്റെടുത്തില്ല. തുടർന്ന് 16-6-21 ന് അസി.എഞ്ചിനീയർ കോസ്റ്റ് ഫോർഡിന് കത്ത് നല്കിയെങ്കിലും വ്യക്തമായ മറുപടി ലഭ്യമാക്കിയിരുന്നില്ല. 14 ദിവസത്തിനകം പണി ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 29-6-2021ന് വീണ്ടും കത്ത് നൽകി (നം.1/AE/LSGD/UGP/21-22). ഇതിനു മറുപടിയായി (കത്ത് നം. COSTFORD/800 /2020/30-6-21) അറിയിച്ചത് രൂക്ഷമായ കോവിഡ് വ്യാപനം മൂലം ആണ് പണികൾ

ആരംഭിക്കാതിരുന്നത് എന്നാണ്. 15-12-21ൽ കോസ്റ്റ് ഫോർഡ് പണി ആരംഭിച്ചു. ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.27/15-2-23) ലഭ്യമാക്കിയ മറുപടിയിൽ നിർദ്ദിഷ്ട സ്ഥലം ചതുപ്പ് ആയതിനാലും പ്ലോട്ട് നിരപ്പല്ലാത്തതുകൊണ്ടും അതുമായി ബന്ധപ്പെട്ട് ഉള്ള പണികൾ ചെയ്ത് പ്ലോട്ട് നിർമ്മാണ പ്രവൃത്തിക്ക് അനുയോജ്യമാക്കി എടുത്തതിനാലും ആണ് കെട്ടിട നിർമ്മാണം വൈകാനുള്ള കാരണം എന്നാണ് അറിയിച്ചിരിക്കുന്നത്. നിലവിൽ കെട്ടിടം പണി പൂർത്തിയായി പ്ലമ്പിംങ് വർക്കുകൾ, ചുറ്റമതിൽ, ഗെയ്റ്റ് എന്നിവയും പൂർത്തിയായി. ഇനിയുള്ള ഇലക്ട്രിഫിക്കേഷൻ പണികൾ പൂർത്തീകരിച്ച് ഫർണസ്, ചിമ്മിനി എന്നിവ സ്ഥാപിച്ച് ശ്മശാനം പ്രവർത്തന സജ്ജമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-36 എം.ജി.എൻ.ആർ.ജി.എസ്- അപാകതകൾ

2021-22 വർഷം പഞ്ചായത്തിൽ നടപ്പിലാക്കിയ തൊഴിലുറപ്പ് പദ്ധതികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) തൊഴിലുറപ്പ് പദ്ധതികളുടെ സൈറ്റ് വെരിഫിക്കേഷൻ റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

2) ആസ്തി നിർമ്മിക്കപ്പെട്ടതിന്റെ ജിയോടാഗ് ഫോട്ടോഗ്രാഫ് ഫയലിൽ ലഭ്യമല്ല.

3) പ്രവൃത്തി ആരംഭിക്കുന്നതിന് മുൻപും, പ്രവൃത്തി നടത്തുന്ന കാലയളവിലും, പ്രവൃത്തിക്ക് ശേഷവുമുള്ള വിവിധ ഘട്ടങ്ങളിലെ ഫോട്ടോഗ്രാഫ് ഫയലിൽ ഉൾപ്പെടുത്താത്തത് നിമിത്തം പൂർത്തികരിച്ച പ്രവൃത്തിയുടെ ഫലപൂർത്തി നിർണയിക്കുവാൻ കഴിയുന്നില്ല.

4) വിവിധ പ്രവൃത്തികൾക്കായി വാങ്ങുന്ന മെറ്റീരിയലിന്റെ ക്യാഷ്ബിൽ ഫയലിൽ സൂക്ഷിക്കുന്നുണ്ടെങ്കിലും ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി കാണുന്നില്ല.

5) പ്രവൃത്തി നടക്കുന്ന സ്ഥലങ്ങളിൽ സ്ഥാപിക്കുന്ന സൈൻബോർഡുകൾക്ക് 2799/-, 1000/-, 1500/-(വിവിധയിനം പ്രവൃത്തികൾക്ക് ഉദാ:നീർത്തട പദ്ധതികൾ, കോഴിക്കൂട് നിർമ്മാണം, ആട്ടിൻ കൂട് നിർമ്മാണം എന്നിവ) എന്നീ നിരക്കിൽ നല്കിയിട്ടുണ്ടെങ്കിലും ആയതിന്റെ ഫോട്ടോ ഫയലിൽ ഇല്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-37 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | 41/22 |
| പ്രോജക്ടിന്റെ പേര് | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി |
| അടങ്കൽ | 735000/-<br>(വികസന ഫണ്ട്-700000/- ബ്ലോക്ക് വിഹിതം-25000/-<br>ജില്ലാ പഞ്ചായത്ത് വിഹിതം-10000/-). |
| ചെലവ് | 705000/- |
| ബിൽ നം.തീയതി | 1/21-22/5.11.21-104727/-, 2/21-22/5.11.21-93733/-, 3/21-22/5.11.21-70386/-, 4/21-22/19.11.21-97137/-, 5/21-22/23.11.21-127410/-, 6/21-22/17.12.21-41640/-, 7/21-22/17.1.22-17988/-, 8/21-22/2.2.22-14181/-, 9/21-22/12.2.22-27234/-, 10/21-22/14.2.22-22782/-, 11/21-22/14.2.22-22743/-, 12/21-22/17.2.22-26697/-, 13/21-22/25.2.22-5000/-, 14/21-22/25.2.22-5000/-, 15/21-22/2.3.22-5000/-, 16/22/2.3.22-23342/-. |
| നിർവ്വഹണഉദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ. |

ടി പ്രോജക്ട് പ്രകാരം 2021 ഏപ്രിൽ മുതൽ 2022 ജനവരി വരെ ഉദയംപേരൂർ ക്ഷീര സഹകരണ സംഘം, മാളേകാട്, സൗത്ത് പറവൂർ, കണ്ടനാട് എന്നീ ക്ഷീര സഹകരണ സംഘങ്ങളിലെ ക്ഷീര കർഷകർക്ക് പാലളവിന് അനുസൃതമായി സബ്സിഡി നല്കിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ സാംഖ്യ സ്റ്റേറ്റ്മെന്റ് പ്രകാരം താഴെ പറയുന്ന ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തുക ക്രെഡിറ്റ് ആയതായി കാണുന്നില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | തുക | അക്കൗണ്ട് നം. | UTR NO. | ബിൽ നം.തീയതി |
|---|---|---|---|---|---|
| 1 | ബാബു ടി.വി | 2697/-<br>4647/-<br>14996/- | 82870100000131<br>ബാങ്ക് ഓഫ് ബറോഡ | NULL | 1/21-22/5.11.21-104727/-,<br>6/21-2/17.12.21-41640/-,<br>16/22/2.3.22-23342/-. |
| 2 | തങ്കച്ചൻ | 3993/-<br>1185/- | 204001011001215<br>ബാങ്ക് ഓഫ് | NULL | 2/21-22/5.11.21-93733/-<br>5/21-2/23.11.21-127410/- |

| | | | | | |
|---|---|---|---|---|---|
| | | 1266/-<br>1422/-<br>356/- | ബറോഡ | | 7/21-22/17.1.22-17988/-,<br>10/21-2/14.2.22-22782/-<br>14/21-/25.2.22-5000/-, |
| 3 | രാധ | 2721/-<br>792/-<br>297/-<br>600/-<br>126/- | 204701011001696<br>ബാങ്ക് ഓഫ് ബറോഡ | NULL | 3/21-22/5.11.21-70386/-,<br>5/21-2/23.11.21-127410/-<br>8/21-22/2.2.22-14181/-,<br>9/21-2/12.2.22-27234/-<br>13/21-2/25.2.22-5000/- |
| 4 | ശ്രീദേവി | 801/-<br>93/- | 204701011003355<br>ബാങ്ക് ഓഫ് ബറോഡ | NULL | "<br>-<br>" |
| 5 | പ്രമോദ് കുമാർ | 513/-<br>1842/-<br>582/-<br>12/- | 204701040080023<br>ബാങ്ക് ഓഫ് ബറോഡ | NULL | "<br>"<br>8/21-22/2.2.22-14181/-,<br>9/21-2/12.2.22-27234/- |
| 6 | സെബി ഫ്രാൻസിസ് | 1170/-<br>924/-<br>609/- | 204701041000007<br>ബാങ്ക് ഓഫ് ബറോഡ | NULL | "<br>5/21-2/23.11.21-127410/-<br>8/21-22/2.2.22-14181/-, |
| 7 | രാജു എം.കെ | 2382/-<br>783/-<br>321/-<br>150/- | 204701011001553<br>ബാങ്ക് ഓഫ് ബറോഡ | NULL | "<br>5/21-2/23.11.21-127410/-<br>8/21-22/2.2.22-14181/-,<br>9/21-2/12.2.22-27234/- |
| 8 | അമ്മിണി | 3993/-<br>4920/-<br>2985/-<br>800/- | 204001011000877<br>ബാങ്ക് ഓഫ് ബറോഡ | NULL | 4/21-2/19.11.21-97137/-,<br>5/21-2/23.11.21-127410/-<br>11/21-2/14.2.22-22743/-,<br>14/21-22/25.2.22-5000/- |
| 9 | ചന്ദ്രശേഖരൻ എം.എ | 1281/-<br>380/- | 82870100004907<br>ബാങ്ക് ഓഫ് ബറോഡ | NULL | 12/21-2/17.2.22-26697/-<br>16/22/2.3.22-23342/-. |
| | ആകെ | 59639/- | | | |

മുകളിൽ പറഞ്ഞിരിക്കുന്ന ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ തുക ക്രെഡിറ്റ് വരാതിരുന്നതിന്റെ കാരണം, അതിന്മേൽ നിർവ്വഹണ ഉദ്യോഗസ്ഥ സ്വീകരിച്ച തുടർനടപടികൾ എന്നിവയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.21/15.2.23) ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് മാറിപ്പോയിരിക്കാം എന്നും എന്നാൽ ഗുണഭോക്താക്കൾ വിവരം അറിയിച്ചിരുന്നില്ല എന്നും പിന്നീട് നിർവ്വഹണ ഉദ്യോഗസ്ഥ ട്രഷറിയിൽ വിവരം അറിയിച്ചിരുന്നു അക്കൗണ്ട് നമ്പർ അപ്ഡേറ്റ് ചെയ്യുന്നതിനുള്ള കാലാവധി കഴിഞ്ഞതിനാൽ ടി തുക "Returned To The Government Account" എന്നാണ് അറിയിച്ചിരിക്കുന്നത്. എന്നാൽ ഇത് വ്യക്തമാക്കുന്ന രേഖകൾ ഒന്നും ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തുക ക്രെഡിറ്റ് ചെയ്യുമ്പോൾ അക്കൗണ്ട് നമ്പറും അതുമായി ബന്ധപ്പെട്ട വിവരങ്ങളും ശരിയാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്. അർഹമായ ആനുകൂല്യം യഥാസമയം ഗുണഭോക്താക്കൾക്ക് ലഭ്യമാക്കേണ്ടതിന്റെ ഉത്തരവാദിത്വം നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ്. മേലിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ടി തുകയുടെ വിശദവിവരങ്ങൾ ഹാജരാക്കുന്നത് വരെ 59,639/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-38 ക്ഷീരകർഷകർക്ക് കറവയന്ത്രം-പദ്ധതി നടത്തിപ്പിലെ അപാകത

| | |
|---|---|
| പ്രൊജക്റ്റ് നം., പേര് | 0064/22, ക്ഷീരകർഷകർക്ക് കറവയന്ത്രം |
| അടങ്കൽ | 65,000 /-(വികസനഫണ്ട്-ജനറൽ) |
| ചെലവ് | 65,000 /- TRN 8238/18.02.22 |
| നിർവ്വഹണഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

ക്ഷീരകർഷകർക്ക് കറവയന്ത്രത്തിന് സബ്സിഡി നല്കുന്നതിന് നടപ്പാക്കിയതാണ് ഈ പദ്ധതി. കറവയന്ത്രം വാങ്ങിയതിന്റെ ഇൻവോയ്സ് ഹാജരാക്കിയതനുസരിച്ചാണ് 25,000/- രൂപയിൽ പരിമിതപ്പെടുത്തി സബ്സിഡി തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തത്. ഇത് പ്രകാരം ഹേമലത എന്ന ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് 15,000/- രൂപയും ലിനിമോൾ, മോളി യോഹന്നാൻ എന്നിവരുടെ അക്കൗണ്ടുകളിലേക്ക് 25,000/- രൂപ വീതവും കൈമാറിയിട്ടുണ്ട്. തദ്ദേശസ്ഥാപനങ്ങളിലെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് സർക്കാർ 14.02.18 ൽ പുറപ്പെടുവിച്ച സ.ഉ(കൈ)നം.22/18 നം. ഉത്തരവിലെ താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിച്ചാണ് പദ്ധതി നടപ്പാക്കിയത് എന്ന് തെളിയിക്കുന്ന രേഖകൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. കറവയന്ത്രത്തിന് സബ്സിഡി കൈപ്പറ്റുന്നവർ താഴെ പറയുന്ന വ്യവസ്ഥകൾ പാലിച്ചവരായിരിക്കണമെന്ന് നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്.

1)ഗുണഭോക്താക്കൾ 5 ഉരുക്കളെയെങ്കിലും വളർത്തുന്നവരായിരിക്കണം.

2)3 എണ്ണമെങ്കിലും കറവയുള്ള പശു/ എരുമ ആയിരിക്കണം.

3)ISI/BIS മുദ്രയുള്ള കറവയന്ത്രം മാത്രമേ വാങ്ങാവൂ.

4)മറ്റ് സർക്കാർ ഏജൻസികളിൽ നിന്ന് ഇതേ ആവശ്യത്തിന് സബ്സിഡി ലഭിച്ചവർ അർഹരായിരിക്കുന്നതല്ല.

സബ്സിഡി കൈപ്പറ്റിയവർ മുകളിൽ പരാമർശിച്ച മാനദണ്ഡങ്ങൾ പ്രകാരം ധനസഹായത്തിന് അർഹരാണെന്ന് ഉറപ്പാക്കാതെ ആനുകൂല്യം നല്കിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് (നം.23, 14.02.23) സർക്കാരിന്റെ നിർദ്ദേശങ്ങൾ പാലിച്ചാണ് ആനുകൂല്യത്തിന് പരിഗണിച്ചതെന്നും നേരിട്ട് പരിശോധന നടത്തിയാണ് പദ്ധതി നിർവ്വഹണം നടത്തിയതെന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നല്കിയത്. പദ്ധതികൾ നടപ്പാക്കുമ്പോൾ സർക്കാരിന്റെ നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടെന്ന് തെളിയിക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

## 1-39 മട്ടുപ്പാവിലെ മുട്ടക്കോഴി വളർത്തൽ - അപാകത

| | | |
|---|---|---|
| പ്രൊജക്റ്റ് നം., പേര് | 0061/22, മട്ടുപ്പാവിൽ മുട്ടക്കോഴി വളർത്തൽ | |
| അടങ്കൽ | 57,500/- (വികസനഫണ്ട്-ജനറൽ) + 57,500/- (മറ്റുള്ളവ)<br>ആകെ അടങ്കൽ 1,15,000 /- | |
| ചെലവ് | 1,15,000/- | 1)TRN 8100/16.02.22 – 40,000/- |
| | | 2)TRN 8239/18.02.22 – 17,500/- |
| | | 3)ചെക്ക് നം.3888996/05.03.22 – 40,000/- |
| | | 4)ചെക്ക് നം.3888997/05.03.22 – 17,500/- |
| നിർവഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ | |

10 പേർക്ക് മട്ടുപ്പാവിൽ മുട്ടക്കോഴി വളർത്തുന്നതിന് വേണ്ട കൂടും 10എണ്ണം BV-380 ഇനത്തിൽപ്പെട്ട 4 മാസം പ്രായമായ മുട്ടക്കോഴികളും 50 % സബ്സിഡിയിൽ നല്കുന്നതിന് നടപ്പാക്കിയതാണ് ഈ പദ്ധതി. ഇതിന് KAICO യിൽ നിന്നും 8000/- രൂപ നിരക്കിൽ 10 കൂടുകളും (ഇൻവോയ്സ് നം. E-435/21-22, 07.02.22- 80,000/-), സ്വർണ്ണ പൗൾട്രി ഫാമിൽ നിന്നും 350/- രൂപ നിരക്കിൽ 4 മാസം പ്രായമായ 100 എണ്ണം BV- 350 മുട്ടകോഴികളും (ഇൻവോയ്സ് നം. 001648/09.02.22-35,000/-) വാങ്ങിയിട്ടുണ്ട്.

വ്യക്തിഗത ഗുണഭോക്താക്കൾക്ക് വിവിധ ആസ്തികൾക്ക് ആനുകൂല്യം നല്കുന്നതിനായി ജില്ലാ കളക്ടർ അധ്യക്ഷനായി രൂപീകരിച്ച സമിതിയുടെ 20.03.20 ലെ 6139/20/DPC/DPO/EKM ഉത്തരവ് പ്രകാരം 24 ആഴ്ചയെങ്കിലും (6 മാസം) പ്രായമുള്ള BV-380 ഇനം മുട്ടക്കോഴിയുടെ യൂണിറ്റ് കോസ്റ്റാണ് 350/- രൂപ. 4 മാസം പ്രായം മാത്രമുള്ള മുട്ടക്കോഴിക്ക് 350/- രൂപ നല്കിയത് സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് (22, 14.02.23) ഹാജരാക്കിയ മറുപടിയിൽ 120 ദിവസം (4 മാസം) പ്രായമായ BV-380 ഇനത്തിൽപ്പെട്ട മുട്ടക്കോഴിയുടെ യൂണിറ്റ് കോസ്റ്റ് 350/-രൂപ എന്ന് ജില്ലാ മൃഗസംരക്ഷണ ഓഫീസർ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ടി തുക നല്കി വാങ്ങിയത് എന്നാണ് നിർവഹണഉദ്യോഗസ്ഥൻ അറിയിച്ചത്. ജില്ലാ കളക്ടർ അധ്യക്ഷനായി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിൽ 4 മാസം പ്രായമുള്ള മുട്ടക്കോഴിക്ക് യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ച് നല്കിയിട്ടില്ല. അതുകൊണ്ടുതന്നെ നല്കിയ തുകയുടെ കൃത്യത വിഷയമാകുന്നില്ല. വരും വർഷങ്ങളിൽ ജില്ലാ മൃഗസംരക്ഷണ ഓഫീസർ ശുപാർശ ചെയ്ത നിരക്കിലല്ല മറിച്ച് ജില്ലാ കളക്ടറുടെ ഉത്തരവിന് വിധേയമായി മാത്രമേ പക്ഷിമൃഗാദികളെ വാങ്ങുവാൻ പാടുള്ളൂ എന്ന് നിർദ്ദേശിക്കുന്നു.

## 1-40 സ്വന്തം കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല

പഞ്ചായത്തിൽ ആകെയുള്ള 35 അങ്കണവാടികളിൽ 17 എണ്ണം സ്വന്തം കെട്ടിടത്തിലും 18 എണ്ണം വാടകക്കെട്ടിടങ്ങളിലുമാണ് പ്രവർത്തിക്കുന്നത്. വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് മാത്രമേ ഹാജരാക്കിയുള്ളൂ. സ്വന്തം കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന 17 അങ്കണവാടികളുടെ ഫിറ്റ്നെസ്സ് പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കുന്നതിന് LSGD എൻജിനിയറോട് ആവശ്യപ്പെട്ടിട്ടില്ല (എൻക്വയറി നം.32, 17.02.23). അങ്കണവാടികൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വാർഷിക അറ്റകുറ്റപ്പണി നടത്തുന്നതിനും അങ്കണവാടികളിൽ സുരക്ഷാസംവിധാനങ്ങൾ ഉറപ്പാക്കുകയും ചെയ്യുന്നതിന് മാർഗനിർദ്ദേശങ്ങൾ നല്കി തദ്ദേശസ്വയംഭരണവകുപ്പ് 22.03.2011 ൽ പുറപ്പെടുവിച്ച നം.31055/ഡി.സി 2/2011/തസ്വഭവ ഉത്തരവ് പ്രകാരം എല്ലാ വർഷവും മെയ് 10 നകം തദ്ദേശഭരണസ്ഥാപനത്തിന്റെ എൻജിനിയർ/ഓവർസിയർ എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റ് നല്കേണ്ടതുമാണ്. വരും വർഷങ്ങളിൽ സർക്കാർ നിർദ്ദേശം പാലിക്കപ്പെടുന്നുണ്ടെന്ന് നിർവഹണഉദ്യോഗസ്ഥ ഉറപ്പ് വരുത്തേണ്ടതാണ്.

## 1-41 അനുപൂരകപോഷകാഹാരം - ഗുണനിലവാരം ഉറപ്പാക്കിയില്ല

അനുപൂരകപോഷകാഹാരവിതരണത്തിനായി പ്രൊജക്ട് നം.48/22 പ്രകാരം 54,69,950/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിലെ 35 അങ്കണവാടികളിൽ വിതരണം ചെയ്യുന്നതിനായി എടയ്ക്കാട്ടുവയൽ പഞ്ചായത്തിലെ Smart Plus Amrutham Food Products എന്ന സ്ഥാപനത്തിൽ നിന്നുമാണ് അമൃതം, സഫല എന്നീ ന്യൂട്രിമിക്സുകൾ വാങ്ങിയിട്ടുള്ളത്.

സാമൂഹ്യക്ഷേമ ഡയറക്ടറുടെ 18.02.2010 ലെ ICDS B3-312/2010 നമ്പർ കത്തിൽ ഓരോ രണ്ട് മാസത്തിൽ ഒരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് (ഫുഡ് പ്രോഡക്ട്സ് സ്റ്റാൻഡേർഡ്സ് ആൻഡ് ഫുഡ് അഡിറ്റീവ്സ്) റെഗുലേഷൻസ് 2011 ലെ അദ്ധ്യായം 1, ഖണ്ഡിക 2.1.19 ഫുഡ്സ് ഫോർ ഇൻഫന്റ് ന്യൂട്രീഷ്യൻ ഇനം 4 ൽProcessed Cereal Based Complementary Food ന്റെ ഗുണനിലവാരം നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ന്യൂട്രിമിക്സ് സാമ്പിളുകളുടെ ഗുണനിലവാരം പരിശോധിക്കാതെയാണ് വിതരണം ചെയ്തിട്ടുള്ളത് (എൻക്വയറി നം. 32/17.02.23). അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ഫുഡ് സാമ്പിളുകളുടെ ഗുണനിലവാര പരിശോധന നിർബന്ധമായും ചെയ്യേണ്ടതും റിപ്പോർട്ട് ഹാജരാക്കേണ്ടതുമാണ്.

## 1-42 ഭിന്നശേഷി ഉള്ളവർക്ക് സ്കോളർഷിപ്പ് തുക ക്രെഡിറ്റായില്ല

പഞ്ചായത്തിലെ ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നല്കുന്നതിന് ICDS സൂപ്പർവൈസർ ഓഡിറ്റ് വർഷം താഴെ പറയുന്ന 2 പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. എന്നാൽ ചില വിദ്യാർത്ഥികളുടെ അക്കൗണ്ടിൽ തുക ക്രെഡിറ്റ് ചെയ്തിട്ടില്ല. വിശദാംശങ്ങൾ താഴെ പറയുന്നു.

1)

| | | |
|---|---|---|
| പ്രൊജക്ട് നം., പേര് | 0073/22, ഭിന്നശേഷി ഉള്ളവർക്ക് സ്കോളർഷിപ്പ് | |
| അടങ്കൽ | 9,85,300 /- (വികസനഫണ്ട്-ജനറൽ)+ 2,00,000/-(ബ്ലോക്ക് പഞ്ചായത്ത് വിഹിതം) + 10,00,000/-(ജില്ലാ പഞ്ചായത്ത് വിഹിതം)<br>ആകെ അടങ്കൽ 21,85,300/- | |
| ചെലവ് | 21,85,300 /- | 1)TRN 7921/09.02.22 – 2,00,000 /-((ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| | | 2)TRN 7922/09.02.22 – 9,58,800/-(വികസനഫണ്ട്-ജനറൽ) |
| | | 3)TRN 8808/07.03.22 – 26,500/-(വികസനഫണ്ട്-ജനറൽ) |
| | | 4)TRN 9130/17.03.22 – 10,00,000/-(ജില്ലാ പഞ്ചായത്ത് വിഹിതം) |

ഈ പദ്ധതി പ്രകാരം സ്കോളർഷിപ്പിന് അർഹനായ വിഷ്ണു.ആർ എന്ന വിദ്യാർത്ഥിക്ക് ആനുകൂല്യം ലഭിച്ചിട്ടില്ല.സാംഖ്യ ബിൽ റിപ്പോർട്ടിൽ അക്കൗണ്ടിന്റെ (Vijaya Bank/Bank Of Baroda -IFSC VIJB0002047, അക്കൗണ്ട് നം. 204701111000616) UTR നമ്പർ 'Null' എന്നാണ് കാണിച്ചിട്ടുള്ളത്. വിവിധ ബില്ലുകൾ പ്രകാരം ഈ വിദ്യാർത്ഥിക്ക് അനുവദിച്ചതും ട്രാൻസ്ഫർ ആകാതിരുന്നതുമായ തുകകളുടെ വിവരം താഴെ പറയുന്നു.

| ക്രമ നം. | ബില്ലിന്റെ വിശദാംശങ്ങൾ | ട്രാൻസ്ഫർ ആകാതിരുന്ന തുക |
|---|---|---|

| | | |
|---|---|---|
| 1 | TRN 0000/09.02.22 – 2,00,000/- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) | 2,200/- |
| 2 | TRN 7922/09.02.22 – 9,58,800/- (വികസനഫണ്ട്-ജനറൽ) | 13,000/- |
| 3 | TRN 9130/17.03.22 – 10,00,000/- (ജില്ലാ പഞ്ചായത്ത് വിഹിതം) | 13,300/- |
| ആകെ | | 28,500/- |

2)

| | |
|---|---|
| പ്രൊജക്ട് നം., പേര് | 0138/22, ഭിന്നശേഷി ഉള്ളവർക്ക് സ്കോളർഷിപ്പ് (സ്പിൽ ഓവർ) |
| അടങ്കൽ | 9,62,366/-(ജില്ലാ പഞ്ചായത്ത് വിഹിതം) |
| ചെലവ് | 9,15,800/-TRN 7920/09.02.22 |

ഈ പദ്ധതി പ്രകാരം സ്കോളർഷിപ്പിന് അർഹരായ ആദിത്യൻ.സി.എസ്, അർച്ചന രമേഷ്, വിഷ്ണു.ആർ എന്നീ വിദ്യാർത്ഥികൾക്ക് ആനുകൂല്യം ലഭിച്ചിട്ടില്ല. സാംഖ്യയിലെ ബിൽ റിപ്പോർട്ടിൽ അക്കൗണ്ടുകളുടെ (Vijaya Bank/Bank Of Baroda-IFSC VIJB0002047) UTR നമ്പർ 'Null' എന്നാണ് കാണിച്ചിട്ടുള്ളത്. ഈ വിദ്യാർത്ഥികൾക്ക് അനുവദിച്ചതും ട്രാൻസ്ഫർ ആകാതിരുന്നതുമായ തുകകളുടെ വിവരം താഴെ പറയുന്നു.

| ക്രമ നം. | വിദ്യാർത്ഥിയുടെ പേര് | അക്കൗണ്ട് നം. | തുക |
|---|---|---|---|
| 1 | ആദിത്യൻ.സി.എസ് | 204701111000193 | 3,000/- |
| 2 | അർച്ചന രമേഷ് | 204701010005259 | 12,000/- |
| 3 | വിഷ്ണു.ആർ | 204701111000616 | 12,000/- |
| ആകെ | | | 27,000/- |

പ്രൊജക്ടുകൾ പ്രകാരം അനുവദിച്ച തുക വിദ്യാർത്ഥികൾക്ക് ലഭിച്ചിട്ടുണ്ടെങ്കിൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് (നം.31,16.02.23) ഹാജരാക്കിയ മറുപടിയിൽ ഗ്രാമപഞ്ചായത്ത് വിഹിതം 2022-23 വർഷം നല്കിയെന്നും ജില്ലാ-ബ്ലോക്ക് തലങ്ങളിൽ നിന്നും ലഭിക്കേണ്ട തുകകൾ ലഭിക്കുന്നതിനായി അതത് സ്ഥാപനങ്ങളോട് രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ടെന്നും അറിയിച്ചു. ട്രഷറിയിൽ നിന്നും 2021-22 ൽ ചെലവഴിച്ചതും വിദ്യാർത്ഥികൾക്ക് ലഭിക്കുന്നതിനുവേണ്ടി ബാങ്കിലേക്ക് കൈമാറിയതുമായ തുക അക്കൗണ്ടുകളിലെ പ്രശ്നങ്ങൾ കാരണം വിദ്യാർത്ഥികൾ കൈപ്പറ്റാത്തതിനാൽ 2 പദ്ധതികളിലായി കൈപ്പറ്റാത്ത തുകയായ 55,500/- രൂപയുടെ (28500 + 27000) ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-43 കോക്ലിയർ ഇംപ്ലാന്റിന് മെയിന്റനൻസ് തുക നല്കിയത് - വിനിയോഗവിവരം ലഭ്യമാക്കിയില്ല

കോക്ലിയർ ഇംപ്ലാന്റുകളുടെ മെയിന്റനൻസിന് തദ്ദേശഭരണസ്ഥാപനത്തിലെ ഗുണഭോക്താക്കളുടെ എണ്ണം അനുസരിച്ച് ഒരു കുട്ടിക്ക് 50,000 /- രൂപ നിരക്കിൽ കുട്ടികളുടെ ലിസ്റ്റ് സഹിതം കേരള സോഷ്യൽ സെക്യൂരിറ്റി മിഷനിലേക്ക് ട്രാൻസ്ഫർ ചെയ്യാൻ നിർദ്ദേശിച്ച് 26.02.19 ൽ തദ്ദേശസ്വയംഭരണ(ഡി എ) വകുപ്പ് പുറപ്പെടുവിച്ച സ.ഉ(സാധാ)നം.426/2019/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം തുക കൈമാറിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ പറയുന്നു.

| | |
|---|---|
| പ്രൊജക്ട് നം., പേര് | 0238/22, കോക്ലിയർ ഇംപ്ലാന്റ് മെയിന്റനൻസ് തുക നല്കൽ |
| അടങ്കൽ | 50,000 /- (തനത് ഫണ്ട്) |
| ചെലവ് | 50,000 /- , വൗച്ചർ നം.22101381/31.03.22 (കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് കൈമാറി) |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

തുകയുടെ വിനിയോഗവിവരം ലഭ്യമല്ലാത്തതിനാൽ 50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു (എൻക്വയറി നം.14/13.02.23).

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1-1 എഗ്രിമെന്റില്ലാതെ റോഡ് കട്ടിംഗ് അനുമതി - വർഷങ്ങളോളം ലഭ്യമാകേണ്ട വാടക നഷ്ടപ്പെടുത്തി (ജിയോ)

ഗ്രാമപഞ്ചായത്തിലെ റോഡുകൾ കട്ട് ചെയ്ത് പിറ്റകളിൽ ജി.ഐ. പോളുകൾ സ്ഥാപിച്ച് കേബിൾ വലിക്കുന്നതിന് രണ്ട് ടെലികോം കമ്പനികൾക്ക് ഗ്രാമപഞ്ചായത്ത് 2021- 22 ൽ അനുമതി നൽകിയിട്ടുണ്ട്. അനുമതിയുടെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| അനുമതി തീരുമാനം | 29.12.2021 ലെ 8(1) നമ്പർ |
| കമ്പനികളുടെ വിവരം | I. ജിയോ ഡിജിറ്റൽ ഫൈബർ പ്രൈവറ്റ് ലിമിറ്റഡ്<br>II.ടെലിസോണിക് നെറ്റ് വർക്ക് ലിമിറ്റഡ് (ഖ.നം. 2-1-2) |

അനുമതി നൽകൽ, ഫീസ്, റെന്റ് ഈടാക്കൽ എന്നിവയിലെ അപാകതകൾ താഴെ ചേർക്കുന്നു.

**I.** ജിയോ ഡിജിറ്റൽ ഫൈബർ പ്രൈവറ്റ് ലിമിറ്റഡ്

ഗ്രാമപഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കിയ എസ്റ്റിമേറ്റിൽ, ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 29.12.2021 ലെ അനുമതിയുടെ അടിസ്ഥാനത്തിൽ 13.948 കിലോ മീറ്റർ (DLP റോഡുകൾ & Without DLP റോഡുകൾ) നീളം വരുന്ന താഴെ പറയുന്ന റോഡുകളിലാണ് 447 പോളുകൾ സ്ഥാപിക്കുന്നത്.

| | |
|---|---|
| ടാർ റോഡുകൾ | വെട്ടിക്കാപ്പിള്ളി , ജനകീയം മുതലായ 40 റോഡുകൾ |
| ഇന്റർലോക്ക് റോഡുകൾ | കളരിക്കൽ വില്ല റോഡ്, ഞെട്ടയിൽ മുതലായ 28 റോഡുകൾ |
| കോൺക്രീറ്റ് റോഡുകൾ | ഹോട്ടൽ ലീല റോഡ്, കുന്നേൽ നടപ്പത്ത് റോഡ് മുതലായ 5 റോഡുകൾ |
| മഡ് റോഡ് | സഹൃദയ മുതലായ 10 റോഡുകൾ |

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം 15/14.02.2023) രേഖാമൂലവും (തീയതി 15.02.2023) വാക്കാലും മറുപടി ലഭ്യമാക്കി. ആയതിൽ വാക്കാൽ ലഭ്യമാക്കിയ മറുപടിയിൽ ആദ്യമായി കൈകാര്യം ചെയ്യുന്ന അനുമതി അപേക്ഷ ആയതിനാൽ വ്യക്തമായ ധാരണ ഇല്ലാതെ, അപേക്ഷകൻ ലഭ്യമാക്കിയ നിർദേശങ്ങൾക്ക് അനുസൃതമായാണ് അനുമതി നൽകിയതെന്ന് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. രേഖാമൂലം ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിലാണ് താഴെ പറയുന്ന പരാമർശങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത്. നടപടികളിലെ അപാകതകൾ താഴെ ചേർക്കുന്നു.

1. പ്രധാന ഫയൽ പരിശോധനക്ക് ലഭ്യമാക്കിയില്ല.

റോഡ് കട്ടിംഗ് ഫയലിന്റെ നം. എ4-10134/21 എന്ന് കമ്മിറ്റി തീരുമാനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഫയൽ ഓഡിറ്റിനായി ലഭ്യമാക്കിയിട്ടില്ല, ആയത് ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി (നം. 15/14.02.2023) പ്രകാരം ആവശ്യപ്പെട്ടതിന് ലഭ്യമാക്കിയ മറുപടിയിൽ (തീയതി 15.02.2023) ഫയൽ ലഭ്യമാക്കുകയോ ലഭ്യമാക്കാത്തതിന്റെ കാരണം വിശദമാക്കുകയോ ചെയ്തില്ല. എന്നാൽ എ5/7133/21 ഫയൽ ഓഡിറ്റിന് ലഭ്യമാക്കി. ആയത് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഓഡിറ്റ് പരാമർശം തയ്യാറാക്കിയിട്ടുള്ളത്.

2. അപേക്ഷ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കിയില്ല.

ജിയോ ഡിജിറ്റൽ ഫൈബർ പ്രൈവറ്റ് ലിമിറ്റഡ് അഹമ്മദാബാദിന്റെ 02.09.2021 ലെ JDFPL/OFC /ROW/KL/EKM/UDPR/PAN/2484 നം അപേക്ഷയുടെ അടിസ്ഥാനത്തിലാണ് ഗ്രാമപഞ്ചായത്ത് കമ്മറ്റി 29.12.2021 ലെ 8(1) നമ്പർ തീരുമാനവും അസി: എഞ്ചിനീയർ എസ്റ്റിമേറ്റും പഞ്ചായത്ത് സെക്രട്ടറി 20.02.2022 ലെ എ5/7133/21 നമ്പർ ഓഫീസ് ഉത്തരവും തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ അപേക്ഷ ഓഡിറ്റിന് ലഭ്യമാകാത്തതിനാൽ ഓഡിറ്റിൽ ഇക്കാര്യങ്ങൾ പരിശോധിക്കാൻ സാധിച്ചില്ല.

3. എഗ്രിമെൻറ് ഇല്ല.

ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 29.12.2021 ലെ 8(1) നമ്പർ തീരുമാനം പ്രകാരം ഇതിനായി തുകകൾ അടയ്ക്കുന്ന മുറയ്ക്ക് റോഡ് കട്ടിംഗിനും പോൾ സ്ഥാപിക്കുന്നതിനും അനുമതി നൽകുന്നതിനും ഇതിനായി കമ്പനിയുമായി എഗ്രിമെൻറ് വയ്ക്കുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുണ്ട്. സെക്രട്ടറിയുടെ നടപടിക്രമം പ്രകാരമുള്ള 20.02.2022 ലെ എ5/7133/21 നമ്പർ ഓഫീസ് ഉത്തരവിൽ, സർക്കാർ ഉത്തരവ് (Rt) നമ്പർ 89/2020/PWD Dt. 23.01.2020 ഉത്തരവിലെ നിബന്ധനകൾ ബാധകമാക്കി പോളുകൾ സ്ഥാപിക്കാൻ അനുമതി നൽകിയതായാണ് കാണുന്നത്. എന്നാൽ

ഓഡിറ്റിനായി ഹാജരാക്കിയ എ5/7133/21 നമ്പർ ഫയലിൽ എഗ്രിമെൻറ് ഇല്ല. ഉണ്ടെങ്കിൽ ആയത് ഹാജരാക്കണമെന്ന് ഓഡിറ്റ് എൻക്വയറിയിൽ ആവശ്യപ്പെട്ടെങ്കിലും ആയത് ഹാജരാക്കിയില്ല. എഗ്രിമെന്റ് ഒപ്പ് വെച്ചിട്ടില്ലയെങ്കിൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം അവഗണിച്ചുകൊണ്ട് പോളുകൾ സ്ഥാപിക്കാൻ അനുമതി നൽകിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതിന് മറുപടിയായി, അപേക്ഷയും എഗ്രിമെന്റും ഫയലിൽ നിന്നും നഷ്ടമായതാണെന്നും ആയത് വീണ്ടും കമ്പനിയിൽ നിന്നും വാങ്ങി സമർപ്പിക്കുന്നതാണെന്നും അറിയിച്ചു. എഗ്രിമെന്റ് രജിസ്റ്ററിൽ ടി എഗ്രിമെന്റ് ചേർത്തിട്ടില്ലാത്തതിനാൽ അപേക്ഷകനുമായി കരാറിൽ ഏർപ്പെട്ടിട്ടില്ലെന്നും എഗ്രിമെന്റ് നഷ്ടമായതല്ലെന്നും കരാറിൽ ഏർപ്പെടാതെയാണ് റോഡ് കട്ടിംഗിന് അനുമതി നൽകിയിരിക്കുന്നതെന്നും വ്യക്തമാണ്. അനുമതി ഉത്തരവിലും കരാറിനെക്കുറിച്ച് പരാമർശിച്ചിട്ടില്ല. കൂടാതെ ബാങ്ക് ഗ്യാരണ്ടിയിലും എഗ്രിമെന്റ് തീയതിയോ,വിശദ വിവരമോ രേഖപ്പെടുത്തിയിട്ടില്ല. ഇത് വലിയ പോരായ്മയാണ്. ഇതുമൂലം ഗ്രാമപഞ്ചായത്തിന് തുടർ വർഷങ്ങളിലെ വാടക ആവശ്യപ്പെടാനാകാതെ വലിയ നഷ്ടം സംഭവിക്കുന്നു.

4. വാടക ഈടാക്കിയതിലെ കുറവ്

അസി:എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ (13.10.21) അടിസ്ഥാനത്തിലാണ് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 29.12.2021 ലെ 8(1) നമ്പർ തീരുമാനം പ്രകാരം തുകകൾ അംഗീകരിച്ചിരിക്കുന്നത്. ഈ പ്രവൃത്തിക്കായി ടി തീരുമാനം പ്രകാരം ഗ്രാമപഞ്ചായത്തിന് ലഭ്യമാകേണ്ടതും ലഭിച്ചതുമായ തുകകൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഇനം | ലഭ്യമാകേണ്ട തുക | ലഭ്യമായ തുക | റിമാർക്സ് | മറുപടി | ഓഡിറ്റ് നിർദേശം |
|---|---|---|---|---|---|---|
| 1 | റോഡ് കട്ടിംഗ് റിസ്റ്റൊറേഷൻ തുക ( Tar, Inter Lock Tile, Concrete , Mud Roads W/o DLP Roads) | 11,78,909/- | 11,78,909/-<br>SBI A/c No. 57033275192<br>14.02.2022 ( Ch No. 190849) | - | - | - |
| 2 | പോൾ റെന്റ് 447x360= 160920 +<br>GST 18 % 28966 | 1,89,886 | 1,60,920/-<br>SBI A/c No. 57033275192 31.08.22 ( Ch No. 131653) | 31.08.22 ലാണ് തുക ലഭ്യമായത്. ( DD. No. 190850/28.01.22 ന്റെ തുക അക്കൗണ്ടിൽ ക്രെഡിറ്റ് ആകാതിരുന്നതിനാൽ 20.07.22 ലെ A5-7133/21 നമ്പർ കത്ത് പ്രകാരം തുക അടവാക്കാൻ ആവശ്യപ്പെട്ടു) | മറുപടി ലഭ്യമാക്കിയിട്ടില്ല. | ഡിമാന്റ് ഡ്രാഫ്റ്റ് എന്ന ആമുഖ കത്തോടെ ലഭ്യമായ തുക അക്കൗണ്ടിൽ ക്രെഡിറ്റ് ആകാതിരുന്നതിന്റെ കാരണം വിശദീകരിക്കേണ്ടതാണ് |
| 3 | പോൾ റെന്റിന്റെ 10% ( സെക്യൂരിറ്റി ഡെപ്പോസിറ്റ്) | 18,989 | 16092/-<br>SBI A/c No. 57033275192 14.02.2022 ( Ch No. 190848) | വ്യത്യാസം - 2,897/- | മറുപടി ലഭ്യമാക്കിയിട്ടില്ല. | GST 18 % 28,966/-<br>Reverse Charge Mechanism വഴി അടവാക്കിയെങ്കിൽ രേഖകൾ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്. |
| 4 | Defect Liability Period (DLP) കഴിയാത്ത റോഡുകളുടെ സെക്യൂരിറ്റി | 34,77,698.89 | ബാങ്ക് ഗ്യാരണ്ടി ലഭ്യമായിട്ടുണ്ട്. | (As Per The Bank Guarentee Dated 24.01.22(IDFC First Bank) Lines | മറുപടി ലഭ്യമാക്കിയിട്ടില്ല. | റിമാർക്സിൽ പറഞ്ഞിരിക്കുന്ന Bank Guarentee വ്യവസ്ഥ പ്രകാരം തുടർ |

| | | | | | | |
|---|---|---|---|---|---|---|
| | ഡെപ്പോസിറ്റ് 10% BG | | | 45 To 48 " Unless A Demand Or Claim Under This Guaranteer Is Made And Received By Us In Writing On Or Before 23.01.2024, We Shall Be Discharged From All Liability Under This Guarantee Thereafter) | | നടപടി സ്വീകരിച്ചിട്ടില്ല. |
| | | | | ആകെ കുറവ് 28,966 + 2,897 = 31,863/- | | തുക അടവാക്കി രേഖകൾ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്. |

5. പോൾ റെന്റ് GST 18 % തുക, മറ്റ് സ്റ്റാറ്റ്യൂട്ടറി ചാർജ്ജുകൾ ഉൾപ്പെടെ ആകെ 31,863/- Reverse Charge Mechanism വഴി അടവാക്കി 25.03.2022 നകം ആയതിന്റെ രസീത് പഞ്ചായത്തിൽ ഹാജരാക്കാമെന്ന് 08.01.2022ലെ സത്യവാങ്മൂലം പ്രകാരം Jio Digital Fibre Pvt. Ltd., എന്ന സ്ഥാപനം ഉറപ്പ് നൽകിയിട്ടുണ്ട്. ആയത് ഹാജരാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ഓഡിറ്റിനായി ലഭ്യമാക്കുവാനും തുകകൾ ഗ്രാമപഞ്ചായത്തിന് ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റിനായി ലഭ്യമാക്കുവാനും ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

6. സർക്കാർ ഉത്തരവ് (Rt) നമ്പർ 89/2020/PWD Dt. 23.01.2020 വ്യവസ്ഥ 2 പ്രകാരം പോൾ ഒന്നിന് വർഷം തോറും 5% വർദ്ധനവോടെ 360/- രൂപ നിരക്കിൽ വാർഷിക വാടക ഈടാക്കേണ്ടതാണ്. 5 വർഷത്തിനു ശേഷം കരാർ പുതുക്കേണ്ടതാണ്. ഇപ്രകാരമുള്ള തുടർ നടപടികൾക്കായി എന്ത് ക്രമീകരണമാണ് ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിരിക്കുന്നത് എന്ന വിവരം ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമാക്കിയില്ല. അപാകത പരിഹരിക്കേണ്ടതാണ്.

7. വാടക തുക ഗ്രാമപഞ്ചായത്ത് അക്കൗണ്ട് ചെയ്തിരിക്കുന്നത് Rent Deposit എന്ന ഹെഡ്ഡിൽ ആണ്. Rent Deposit എന്ന ഹെഡ്ഡിൽ ഗ്രാമപഞ്ചായത്തിന്റെ ലയബിലിറ്റിയായി തുക അക്കൗണ്ട് ചെയ്തിരിക്കുന്നതിനാൽ ഭാവിയിൽ ടി ഡെപ്പോസിറ്റ് അപേക്ഷകന് തിരികെ നൽകുവാനും സാധ്യതയുണ്ട്. ഇത് Rent Receivable എന്ന ഇനത്തിലാണ് അക്കൗണ്ട് ചെയ്യേണ്ടത്. എന്നാൽ റസീപ്റ്റ് & പേയ്മെന്റ് ( RP ) സ്റ്റേറ്റ്മെന്റിലോ B-15 ഷെഡ്യൂളിലോ ഇത് രേഖപ്പെടുത്തിയിട്ടില്ല. (ആദ്യം ലഭ്യമായ തുക ബാങ്കിൽ ക്രഡിറ്റ് ആകാതിരുന്നതിനാൽ 31.08.22ൽ, അതായത് 2022-23 സാമ്പത്തിക വർഷത്തിലാണ് തുക ക്രെഡിറ്റ് ആയത്.) ഇതു മൂലം അരിയർ ഡിമാന്റ് ചെയ്യുന്നതും തുടർ വർഷങ്ങളിൽ വാടക ഡിമാന്റ് ചെയ്യുന്നതും ഒഴിവാകുന്നതിന് സാധ്യത കാണുന്നു. ആയത് പരിശോധിക്കുന്നതിനായി 2022-23 സാമ്പത്തിക വർഷം ബഡ്ജറ്റ് പ്രകാരം ഈ ഇനത്തിൽ 5% വർദ്ധനവിൽ 447 പോളുകൾക്ക് വാടക കണക്കാക്കി (1,99,380/-) ഡിമാന്റ് ചെയ്തിട്ടുണ്ടോ എന്നും നാളിതുവരെയുള്ള കളക്ഷൻ വിവരങ്ങളും ഓഡിറ്റിനായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും സെക്രട്ടറി ലഭ്യമാക്കിയ മറുപടിക്കത്തിൽ ഇവയ്ക്കൊന്നിനും മറുപടി ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ഡിമാന്റ് ചെയ്താൽ വാടക അടവാക്കുന്നതാണെന്ന് അപേക്ഷകൻ ഉറപ്പുനൽകിയിട്ടുണ്ടെന്ന് സെക്രട്ടറി വാക്കാൽ അറിയിച്ചു. അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. എഗ്രിമെന്റില്ലാത്തിനാൽ, 2022-23 സാമ്പത്തിക വർഷം അവസാനം വരെ വാടക ഡിമാന്റ് ചെയ്യുകയോ തുക ലഭ്യമാവുകയോ ചെയ്തിട്ടില്ലാത്തിനാൽ തുക ലഭ്യമാകുന്നതുവരെ 1,99,380/- രൂപ, കട്ടിംഗ് അനുമതി നൽകിയിരിക്കുന്ന സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കുന്നതാണ്. എഗ്രിമെന്റ് ലഭ്യമാക്കുന്നതുവരെ തുടർവർഷങ്ങളിലെ വാടകയും ഇപ്രകാരം ബാധ്യതയാകുന്നതാണ്.

8. 2021-22 ലെ വാടക രജിസ്റ്ററിൽ ഈ ഇനം ഉൾപ്പെടുത്തി രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്. സ്ഥാപിച്ചിരിക്കുന്ന പോളുകളുടെ നമ്പർ വിവരങ്ങളും റോഡുകളുടെ പേര് വിവരങ്ങളും റോഡിന്റെ തരം (ടാർ റോഡ്, ടൈൽ റോഡ്, കോൺക്രീറ്റ് റോഡ് ) സഹിതം രേഖപ്പെടുത്തേണ്ടതാണ്. ഇതിനായി പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ട് അടിസ്ഥാനമാക്കാവുന്നതാണ്. വർഷം തോറും വാടക ഈടാക്കുന്നതിന് ഇത്തരത്തിൽ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. നിലവിലുള്ള പോളുകൾ കൂടാതെ വരും വർഷങ്ങളിൽ വീണ്ടും വീണ്ടും പോളുകൾ സ്ഥാപിക്കേണ്ടി വരുമ്പോൾ തുടർവിവരങ്ങൾ ചേർത്ത് വാടക

ഈടാക്കുന്നതിന് ഇത്തരത്തിൽ രജിസ്റ്റർ സൂക്ഷിക്കേണ്ടത് അത്യാവശ്യമാണ്. ജിയോ, ടെലസോണിക് നെറ്റ് വർക്ക് മുതലായ കമ്പനികൾക്കായി പ്രത്യേകം പേജുകൾ ഇൻഡക്സിൽ ചേർത്ത് ഉപയോഗിക്കേണ്ടതാണ്. മുൻ വർഷങ്ങളിൽ ഇപ്രകാരമുള്ള പോളുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിൽ ആയവയും ഉൾപ്പെടുത്തി ഓഡിറ്റ് നിർദേശങ്ങൾ പാലിച്ച് രേഖകൾ ഓഡിറ്റിനായി ലഭ്യമാക്കണമെന്നാവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

9. പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ 13.10.21. ലെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് റോഡുകളിൽ 13.948 കി. മീറ്റർ നീളത്തിൽ OFC കേബിൾ സ്ഥാപിക്കുന്നതിനാണ് ജിയോ ഡിജിറ്റൽ ഫൈബർ പ്രൈവറ്റ് ലിമിറ്റഡ് അഹമ്മദാബാദിന് അനുമതി നൽകിയിരിക്കുന്നത്. ഇലക്ട്രോണിക്സ് & ഐ റ്റി (ബി) വകുപ്പിന്റെ 11.10.2018 ലെ ജി.ഒ.(എം. എസ്.) 25/2018(ITD), തദ്ദേശസ്വയംഭരണ (ഡിസി) വകുപ്പിന്റെ 22-05-2018 ഡിസി.2/531/2017/തസ്വഭവ സർക്കുലർ എന്നിവ പ്രകാരം ടെലികോം കമ്പനികൾക്ക് സംസ്ഥാനത്തെ റോഡുകളിലൂടെ OFC കേബിളുകൾ ഇടുന്നതിന് RoW (Right Of Way) പെർമിഷന് വേണ്ടി 75,000/കി.മീ നിരക്കിൽ ഒറ്റ തവണ ഫീസ് സർക്കാരിലേക്ക് അടവാക്കണം. എന്നാൽ അപേക്ഷകൻ പ്രസ്തുത ഫീസ് അടവാക്കിയതിന്റെ വിവരം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. ആതിനാൽ 13.948 X 75000 = 10,46,100/- രൂപ ഈ ഇനത്തിൽ സർക്കാരിലേക്കോ, ഗ്രാമപഞ്ചായത്തിലേക്കോ അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റിനായി ലഭ്യമാക്കണമെന്നാവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല. ആയത് അണ്ടർ ഗ്രൗണ്ട് കേബിളുകൾ സ്ഥാപിക്കുന്നതിനാണ് ബാധകമെന്നും ആയത് ഈ അപേക്ഷയിൽ ബാധകമല്ല എന്നും മറുപടിയിൽ അറിയിച്ചു. മറുപടി അംഗീകരിക്കാവുന്നതല്ല. ആയതിനാൽ തുക അടവാക്കി രേഖകൾ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.
10. കമ്മിറ്റി തീരുമാനം പ്രകാരം ചുമതലപ്പെടുത്തിയതനുസരിച്ച് എഗ്രിമെന്റ് ഒപ്പുവച്ചതിനു ശേഷമാണോ റോഡ് കട്ടിംഗിന് അനുമതി നൽകിയത്, എഗ്രിമെൻറ് രജിസ്റ്ററിൽ വിവരം രേഖപ്പെടുത്തിയിട്ടുണ്ടോ, ടി എഗ്രിമെൻറ് പ്രകാരം തുടർവർഷങ്ങളിലെ ബഡ്ജറ്റിൽ വാടക ഡിമാൻറ് ഉൾപ്പെടുത്തൽ, 5 വർഷത്തിനു ശേഷം കരാർ പുതുക്കൽ, കട്ട് ചെയ്യാൻ അനുവദിച്ച റോഡുകളുടെ റെസ്റ്റൊറേഷൻ, സ്ഥാപിച്ച പോളുകളുടെ എണ്ണം, ടി വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് വാടക രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ടോ എന്നിവ സംബന്ധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയോ യാതൊരു മോണിറ്ററിംഗും നടത്തിയതായുള്ള രേഖകൾ ഫയലിൽ ഇല്ല. ടി വിഷയത്തിലേക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. തുടർ നടപടി വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

11. അപേക്ഷകൻ, ഡിമാന്റ് ഡ്രാഫ്റ്റ് എന്ന ആമുഖക്കത്തോടെ ലഭ്യമാക്കിയ തുകപോലും അക്കൗണ്ടിൽ ക്രഡിറ്റ് ആകാതെ വരികയും തുടർന്ന് പകരം ചെക്ക് ലഭ്യമാക്കിയ സാഹചര്യവും പരിഗണിച്ച് തുടർ ഇടപാടുകളിൽ ജാഗ്രത പുലർത്തേണ്ടതാണ്. (DD. No. 190850/28.01.22 ന്റെ തുക അക്കൗണ്ടിൽ ക്രെഡിറ്റ് ആകാതിരുന്നതിനാൽ 20.07.22 ലെ A5-7133/21 നമ്പർ കത്ത് പ്രകാരം തുക അടവാക്കാൻ ആവശ്യപ്പെട്ടു. 31.08.22 ലാണ് തുക ലഭ്യമായത്).

വാടകയിനത്തിൽ ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടം 1,99,380/- രൂപ, സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ കുറവായി ഈടാക്കിയ 2,897/- രൂപ, ജി.എസ്.ടി. ഇനത്തിൽ 28,966/- രൂപ ROW പെർമിഷൻ ഫീ ഇനത്തിൽ 10,43,100/- രൂപ എന്നിവ ഈടാക്കി രേഖകൾ സഹിതം ഹാജരാക്കേണ്ടതാണ്.

## 2-1-2 പോൾ സ്ഥാപിക്കുന്നതിന് അനുമതി അപാകതകൾ - ടെലിസോണിക് നെറ്റ് വർക്ക് ലിമിറ്റഡ്

### II. ടെലിസോണിക് നെറ്റ് വർക്ക് ലിമിറ്റഡ്

ഗ്രാമപഞ്ചായത്ത് റോഡിൽ 8 കി. മീറ്റർ നീളത്തിൽ OFC കേബിൾ സ്ഥാപിക്കുന്നതിന് ടെലിസോണിക് നെറ്റ് വർക്ക് ലിമിറ്റഡ് കടവന്ത്ര, എറണാകുളം എന്ന സ്ഥാപനത്തിന്റെ 31.08.2021 ലെ അപേക്ഷ പ്രകാരം, (തപാൽ നം. A5-7133/31.08.21) പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ എസ്റ്റിമേറ്റിന്റെ (09.12.21) അടിസ്ഥാനത്തിൽ അനുമതി നൽകിയിട്ടുണ്ട്. 29.12.2021 ലെ 8(1) നമ്പർ കമ്മറ്റി തീരുമാനത്തിനു ശേഷം (ഫയൽ നം.എ4-10134/21) പഞ്ചായത്ത് സെക്രട്ടറിയുടെ 21.01.2022 ലെ എ5/7133/21 നമ്പർ കത്ത് (ഒപ്പുവയ്ക്കാത്ത കത്തിന്റെ പകർപ്പാണ് ഫയലിൽ ഉള്ളത്) പ്രകാരംമാണ് ജി.ഐ. പോളുകൾ സ്ഥാപിക്കുന്നതിന് സെക്രട്ടറി അനുമതി നൽകിയിരിക്കുന്നത്.
അപേക്ഷ പ്രകാരം 8 കി.മീറ്റർ നീളത്തിൽ റോഡിൽ 240 GI Poles സ്ഥാപിക്കുന്നതിനുള്ള അനുമതിയാണ് ആവശ്യപ്പെട്ടിരിക്കുന്നത്.
ഇതുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. എഗ്രിമെൻറ് ഇല്ല.

ഓഡിറ്റിനായി ഹാജരാക്കിയിരിക്കുന്ന എ5/7133/21 ഫയലിൽ എഗ്രിമെൻറ് ഇല്ല. ഉണ്ടെങ്കിൽ ആയത് ഹാജരാക്കണമെന്ന് ഓഡിറ്റ് എൻക്വയറിയിൽ ആവശ്യപ്പെട്ടെങ്കിലും ആയത് ഹാജരാക്കിയില്ല. എഗ്രിമെന്റ് ഒപ്പ് വെച്ചിട്ടില്ലയെങ്കിൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം അവഗണിച്ചുകൊണ്ട്

പോളുകൾ സ്ഥാപിക്കാൻ അനുമതി നൽകിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതിന് മറുപടിയായി, എഗ്രിമെന്റ് ഫയലിൽ നിന്നും നഷ്ടമായതാണെന്നും ആയത് വീണ്ടും കമ്പനിയിൽ നിന്നും വാങ്ങി സമർപ്പിക്കുന്നതാണെന്നും മറുപടിയിൽ അറിയിച്ചു. എഗ്രിമെന്റ് രജിസ്റ്ററിൽ ടി എഗ്രിമെന്റ് ചേർത്തിട്ടില്ലാത്തതിനാൽ അപേക്ഷകനുമായി കരാറിൽ ഏർപ്പെട്ടിട്ടില്ലെന്നും എഗ്രിമെന്റ് നഷ്ടമായതല്ലെന്നും കരാറിൽ ഏർപ്പെടാതെയാണ് റോഡ് കട്ടിംഗിന് അനുമതി നൽകിയിരിക്കുന്നതെന്നും വ്യക്തമാണ്. അനുമതി ഉത്തരവിലും കരാറിനെക്കുറിച്ച് പരാമർശിച്ചിട്ടില്ല. കൂടാതെ ബാങ്ക് ഗ്യാരണ്ടിയിലും എഗ്രിമെന്റ് തീയതിയോ, വിശദ വിവരമോ രേഖപ്പെടുത്തിയിട്ടില്ല. ഇത് വലിയ പോരായ്മയാണ്. ഇതുമൂലം ഗ്രാമപഞ്ചായത്തിന് തുടർ വർഷങ്ങളിലെ വാടക ആവശ്യപ്പെടാനാകാതെ വലിയ നഷ്ടം സംഭവിക്കുന്നു.
മേൽ പ്രവൃത്തിക്കായി PWD Roads ചീഫ് എഞ്ചിനീയറുടെ സർക്കുലർ No. CE/R&B/GL-RC/3/2018 Dtd 24.09.2020 പരിഗണിച്ചുകൊണ്ട് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ സംഗ്രഹം താഴെ ചേർക്കുന്നു.

| | |
|---|---|
| Total Restoration Charges For<br>Non DLP Roads (Tar, Inter Lock Tile, Concrete Road) | 4,95,109.36 |
| Annual Pole Rent + 18% GST<br>(245x360 + 18% GST) | 1,04,076.00 |
| 10% As Rent Security Deposit | 10,407.60 |
| Restoration Charges For (Tar, Inter Lock Tile)<br>DLP Roads | 11,03,873.16 |
| 10% As Security Deposit For<br>DLP Roads As Bank Guarantee | 1,10,387.00 |
| ആകെ | 18,23,853.12 |

ഈ പ്രവൃത്തിക്കായി ടി തീരുമാനം പ്രകാരം ഗ്രാമപഞ്ചായത്തിന് ലഭ്യമാകേണ്ടതായ തുകകൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഇനം | ലഭ്യമാകേണ്ട തുക |
|---|---|---|
| 1 | റോഡ് കട്ടിംഗ് റിസ്റ്റൊറേഷൻ തുക<br>8 കി. മീറ്റർ – വിവിധയിനം | 4,95,109.36 |
| 2 | പോൾ റെന്റ് 245x360 And 18% GST | 1,04,076.00 |
| 3 | പോൾ റെന്റിന്റെ 10% ( സെക്യൂരിറ്റി ഡെപ്പോസിറ്റ് ) | 10,407.60 |
| 4 | Defect Liability Period (DLP) കഴിയാത്ത<br>റോഡുകളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് 10% BG | 1,10,387.00 |

2. മേൽ തുകകൾ ഗ്രാമപഞ്ചായത്തിന് ലഭ്യമായതിന്റെ വിവരങ്ങൾ ഫയലില്ല. തുകകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റിനായി ഹാജരാക്കുവാൻ എൻക്വയറിയിലൂടെ ആവശ്യപ്പെട്ടിരുന്നു എങ്കിലും നൽകിയിരിക്കുന്ന മറുപടിയിൽ ടി വിവരങ്ങളൊന്നും ഉൾപ്പെടുത്തിയിട്ടില്ല. വിവരങ്ങൾ ലഭ്യമാകുന്നതു വരെ തുകകൾ സെക്രട്ടറിയുടെ ബാധ്യതയായി പരിഗണിക്കുന്നതാണ്.

3. ബന്ധപ്പെട്ട സെക്ഷൻ, ഇതിനായി തയ്യാറാക്കിയ ഓഫീസ് നോട്ട്, അപേക്ഷകന് തുകകൾ അടവാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള കരട് കത്ത് എന്നിവയൊന്നും ഫയലിൽ ഇല്ല.

4. പോളുകൾ സ്ഥാപിക്കുന്നതിന് 21.01.2022 ലെ എ5/7133/21 നമ്പർ കത്ത് (ഒപ്പുവയ്ക്കാത്ത കത്തിന്റെ പകർപ്പാണ് ഫയലിൽ ഉള്ളത്) പ്രകാരമാണ് സെക്രട്ടറി അനുമതി നൽകിയിരിക്കുന്നത്. ഇതു സംബന്ധിച്ച ഓഫീസ് ഉത്തരവ് നടപടിക്രമം ഫയലിൽ ഇല്ല. ആയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.
5. OFC കേബിളുകൾ ഇടുന്നതിന് RoW (Right Of Way) പെർമിഷന് വേണ്ടി 75000/കി.മീ നിരക്കിൽ ഒറ്റ തവണ ഫീസ് സർക്കാരിലേക്ക് അടവാക്കണം. എന്നാൽ അപേക്ഷകൻ പ്രസ്തുത ഫീസ് അടവാക്കിയതിന്റെ വിവരം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. ആതിനാൽ 8 X 75000 = 6,00,000/- രൂപ ഈ ഇനത്തിൽ സർക്കാരിലേക്കോ, ഗ്രാമപഞ്ചായത്തിലേക്കോ അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.
6. വാടക തുക ഗ്രാമപഞ്ചായത്ത് അക്കൗണ്ട് ചെയ്തിരിക്കുന്നത് Rent Deposit എന്ന ഹെഡ്ഡിൽ ആണ്. Rent Deposit എന്ന ഹെഡ്ഡിൽ ഗ്രാമപഞ്ചായത്തിന്റെ ലയബിലിറ്റിയായി തുക അക്കൗണ്ട് ചെയ്തിരിക്കുന്നതിനാൽ ഭാവിയിൽ ടി ഡെപ്പോസിറ്റ് അപേക്ഷകന് തിരികെ നൽകുവാനും സാധ്യതയുണ്ട്. അപാകത പരിഹരിക്കേണ്ടതാണ്.

7. 2022-23 സാമ്പത്തിക വർഷം ബഡ്ജറ്റ് പ്രകാരം ഈ ഇനത്തിൽ 5% വർദ്ധനവിൽ 245 പോളുകൾക്ക് വാടക (With18%GST) കണക്കാക്കി 1,09,280/- രൂപ ഡിമാന്റ് ചെയ്തിട്ടുണ്ടോ എന്നും നാളിതുവരെയുള്ള

കളക്ഷൻ വിവരങ്ങളും ഓഡിറ്റിനായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും സെക്രട്ടറി ലഭ്യമാക്കിയ മറുപടിക്കത്തിൽ ഇവയ്ക്കൊന്നിനും മറുപടി ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ഡിമാന്റ് ചെയ്താൽ വാടക അടവാക്കുന്നതാണെന്ന് അപേക്ഷകൻ ഉറപ്പുനൽകിയിട്ടുണ്ടെന്ന് സെക്രട്ടറി വാക്കാൽ അറിയിച്ചു. അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. എഗ്രിമെന്റില്ലാത്തിനാൽ, 2022-23 സാമ്പത്തിക വർഷം അവസാസം വരെ വാടക ഡിമാന്റ് ചെയ്യുകയോ തുക ലഭ്യമാവുകയോ ചെയ്യിട്ടില്ലാത്തിനാൽ തുക ലഭ്യമാകുന്നതുവരെ 1,09,280/- രൂപ, കട്ടിംഗ് അനുമതി നൽകിയ സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കുന്നു. എഗ്രിമെന്റ് ലഭ്യമാക്കുന്നതുവരെ തുടർവർഷങ്ങളിലെ വാടകയും ഇപ്രകാരം ബാധ്യതയാകുന്നതാണ്.

8. കമ്മിറ്റി തീരുമാനം പ്രകാരം ചുമതലപ്പെടുത്തിയതനുസരിച്ച് എഗ്രിമെന്റ് ഒപ്പുവച്ചതിനു ശേഷമാണോ റോഡ് കട്ടിംഗിന് അനുമതി നൽകിയത്, എഗ്രിമെൻറ് രജിസ്റ്ററിൽ വിവരം രേഖപ്പെടുത്തിയിട്ടുണ്ടോ, ടി എഗ്രിമെൻറ് പ്രകാരം തുടർവർഷങ്ങളിലെ ബഡ്ജറ്റിൽ വാടക ഡിമാൻറ് ഉൾപ്പെടുത്തൽ, 5 വർഷത്തിനു ശേഷം കരാർ പുതുക്കൽ, സ്ഥാപിച്ച പോളുകളുടെ എണ്ണം, ടി വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് വാടക രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ടോ എന്നിവ സംബന്ധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയോ യാതൊരു മോണിറ്ററിംഗും നടത്തിയതായുള്ള രേഖകൾ ഫയലിൽ ഇല്ല. ടി വിഷയത്തിലേക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. തുടർ നടപടി വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2021-22 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | | |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ജില്ല പഞ്ചായത്ത് | 2021-22 | 174000 | നെൽകൃഷി വികസനം-13/22 | 174000 | |
| | 2021-22 | 24,40,000 | ലൈഫ് ഭവനനിർമാണം ജനറൽ-21/22 | 24,40,000 | |
| | 2021-22 | 1000000 | സ്കോളർഷിപ്പ്-(N) 73/22 | 1000000 | |
| | 2021-22 | 915800 | സ്കോളർഷിപ്പ്-(SO) -138/22 | 915800 | |
| | 2021-22 | 5000 | പാലിന് സബ്സിഡി- 41/22 | 5000 | |
| | 2021-22 | 36618 | തേരേക്കൽ തോട്ക്ലീനിംഗ്- 122/22(SO) | 36618 | |
| | 2021-22 | 345000 | ലൈഫ് ഭവനനിർമാണം എസ്.സി-36/22 | 345000 | |
| ആകെ | | 4916418 | ആകെ | 4916418 | |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 1650000 | ലൈഫ് ഭവനനിർമാണം ജനറൽ-21/22 | 1650000 | |
| | 2021-22 | 200000 | സ്കോളർഷിപ്പ്-73/22 | 200000 | |

| | | | | | |
|---|---|---|---|---|---|
| ആകെ | | 1850000 | | 1850000 | |

4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ.നം/ ചെക്ക്.നം, തീയതി,തുക | മുൻകൂർ നൽകിയ ആകെ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 29/22 ഇലക്ട്രിക് പോസ്റ്റ് മാറ്റൽ 1)വലിയകുളം ജെ.ബി.സ്കൂളിലെ പോസ്റ്റ് മാറ്റൽ* 2)വാർഡ്-6, കൃഷ്ണമേനോൻറോഡിലെ പോസ്റ്റ് മാറ്റൽ | 1)ചെക്ക്.നം-5481561/13.09.21-Rs.10237/-* 2)393/23.02.22-Rs.10413/- | 20650/- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 20650/- |
| | 6/22 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ 1)വിവിധ വാർഡുകളിൽ ലൈൻ നീട്ടൽ 2)ശ്മശാനത്തിലേയ്ക്ക് ലൈൻ നീട്ടൽ 3)ശ്മശാനത്തിലേയ്ക്ക് സിംഗിൾ ഫേസ് ഒ.എച്ച് ലൈൻ | 1)87/13.08.21-Rs.115758/- 2)133/25.09.21-Rs.19394/- 3)283/10.01.22-Rs.289926/- | 425078/- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 425078/- |
| | ആകെ | | 445728/- | | 445728/- |
| കേരള വാട്ടർ അതോറിറ്റി | 83/22 കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ 1)വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ-12,3,4,5,19 2)ശ്മശാനത്തിലേയ്ക്ക് പൈപ്പ് ലൈൻ വലിക്കൽ | 1)465/14.03.22-Rs.1800000/- 2)509/22.03.22-Rs.1075000/- | 2875000/- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 2875000/- |
| | 235/22 ആയുർവേദ ഡിസ്പെൻസറിക്ക് കുടിവെള്ള സൌകര്യം ഒരുക്കൽ | 576/29.03.22 | 20000/-** | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 20000/- |
| | ആകെ | | 2895000/- | 0 | 2895000/- |

* മേൽ ചെലവ് സുലേഖയിലും വാർഷിക ധനകാര്യപത്രികയിലും ഉൾപ്പെടുത്തിയിട്ടില്ല.
** മേൽ ചെലവ് വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.
(അപാകത ഖണ്ഡിക 1-2-1ൽ ചേർത്തിട്ടുണ്ട്)

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

4-5 വായ്പ /വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവ് ചെലവുകളില്ല.

4-6 സ്ഥിരനിക്ഷേപങ്ങൾ

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 25,93,870 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ ലഭിച്ചത്) | 0 |
| ആകെ | 25,93,870 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| പലിശ | 3,61,926 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 29,55,796 |

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുകയൊന്നും ലഭിച്ചിട്ടില്ല.

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് കാലയളവ് | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1998-99മുതൽ 2001-02 വരെ | 3.5.1 | 2006-07 | പട്ടികജാതി വിഭാഗത്തിനുള്ള കിണർ നിർമ്മാണം ജെ.ജി.എസ്.വൈ | ഓഡിറ്റ് തടസ്സം നീക്കുന്നതിലേക്ക് തീരുമാന സഹിതം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| 2014-15, 2015-16 | 2.1 | 2016-17 | തൊഴിൽ നികുതി സംബന്ധിച്ച് | ഓഡിറ്റ് തടസ്സം നീക്കുന്നതിലേക്ക് രസീതുകളുടെ പകർപ്പ് സമർപ്പിച്ചിട്ടുണ്ട്. |

4-9 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 12,98,57,157.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 11,72,84,302.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 3,11,557.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ---- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 47,06,624.00 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1-1 | 2,02,277 | | ശ്രീ സാബു.സി.ജെ., സെക്രട്ടറി |
| 2-1-1 | 1,09,280 | | ശ്രീ സാബു.സി.ജെ., സെക്രട്ടറി |
| ആകെ | 3,11,557 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 89946 | ഡോ. ഷീജ ബി., അസിസ്റ്റന്റ് സർജൻ |
| 1-18 | 22635 | ശ്രീ സാബു.സി.ജെ., സെക്രട്ടറി |
| | 63379 | ശ്രീമതി സിന്ധു.എസ്, അസിസ്റ്റന്റ് സെക്രട്ടറി, സെക്രട്ടറി-ഇൻ-ചാർജ്ജ് |
| 1-19 | 105000 | ശ്രീമതി സിന്ധു.എസ്, അസിസ്റ്റന്റ് സെക്രട്ടറി, |

| | | |
|---|---|---|
| | | സെക്രട്ടറി-ഇൻ-ചാർജ്ജ് |
| 1-20 | 100248 | ശ്രീ സാബു.സി.ജെ., സെക്രട്ടറി |
| 1-21 | 10237 | ശ്രീമതി സിന്ധു.എസ്, അസിസ്റ്റന്റ് സെക്രട്ടറി, സെക്രട്ടറി-ഇൻ-ചാർജ്ജ് |
| | 435491 | ശ്രീ സാബു.സി.ജെ., സെക്രട്ടറി |
| 1-21-1 | 1800000 | ശ്രീ സാബു.സി.ജെ., സെക്രട്ടറി |
| | 1095000 | ശ്രീമതി സിന്ധു.എസ്, അസിസ്റ്റന്റ് സെക്രട്ടറി, സെക്രട്ടറി-ഇൻ-ചാർജ്ജ് |
| 1-21-2 | 100000 | ശ്രീ സാബു.സി.ജെ., സെക്രട്ടറി |
| 1-22 | 51997 | ശ്രീമതി സിന്ധു.എസ്, അസിസ്റ്റന്റ് സെക്രട്ടറി, സെക്രട്ടറി-ഇൻ-ചാർജ്ജ് |
| 1-26 | 20000 | ശ്രീ സാബു.സി.ജെ., സെക്രട്ടറി |
| 1-29 | 393716 | ശ്രീ സാബു.സി.ജെ., സെക്രട്ടറി |
| 1-30 | 235436 | ശ്രീ സാബു.സി.ജെ., സെക്രട്ടറി |
| 1-33 | 9900 | ശ്രീമതി സിന്ധു.എസ്., അസിസ്റ്റന്റ് സെക്രട്ടറി |
| 1-34-2 | 8500 | ശ്രീമതി സിന്ധു.എസ്., അസിസ്റ്റന്റ് സെക്രട്ടറി |
| 1-37 | 59639 | ശ്രീമതി ജയ കെ.ആർ., ഡയറി ഫാം ഇൻസ്ട്രക്ടർ |
| 1-42 | 55500 | ശ്രീമതി അനുഷ.കെ.കെ., ICDS സൂപ്പർവൈസർ |
| 1-43 | 50000 | ശ്രീമതി അനുഷ.കെ.കെ., ICDS സൂപ്പർവൈസർ |
| ആകെ | 4706624 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | തുക | സ്ഥാപനം | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 1-20-1 | 18,045/- | ജി.എസ്.ടി വകുപ്പ് | ശ്രീ സാബു.സി.ജെ., സെക്രട്ടറി |
| 1-27 | 1,275/- | ആദായ നികുതി വകുപ്പ് | ശ്രീ സാബു.സി.ജെ., സെക്രട്ടറി |
| 1-31 | 35,000/- | ആദായ നികുതി വകുപ്പ് | ശ്രീ സാബു.സി.ജെ., സെക്രട്ടറി |
| 2-1-1 | 28966 | ജി.എസ്.ടി വകുപ്പ് | ശ്രീ സാബു.സി.ജെ., സെക്രട്ടറി |
| 2-1-1 | 1046100 | സംസ്ഥാന സർക്കാർ | ശ്രീ സാബു.സി.ജെ., സെക്രട്ടറി |
| 2-1-2 | 104076 | ജി.എസ്.ടി വകുപ്പ് | ശ്രീ സാബു.സി.ജെ., സെക്രട്ടറി |
| 2-1-2 | 600000 | സംസ്ഥാന സർക്കാർ | ശ്രീ സാബു.സി.ജെ., സെക്രട്ടറി |
| ആകെ | 1833462 | | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ സാബു.സി.ജെ<br>സെക്രട്ടറി | സെക്രട്ടറി<br>നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് | കറുകയിൽ വീട്<br>തൈക്കൂടം<br>വൈറ്റില |
| ശ്രീമതി സിന്ധു.എസ്<br>അസിസ്റ്റന്റ് സെക്രട്ടറി<br>(സെക്രട്ടറി-ഇൻ-ചാർജ്ജ്) | അസിസ്റ്റന്റ് സെക്രട്ടറി<br>ഉദയംപേരൂർ ഗ്രാമപഞ്ചായത്ത് | മുട്ടത്തിൽകരോട്ട്<br>കുലയറ്റിക്കര പി ഒ |
| ശ്രീമതി അനുഷ.കെ.കെ<br>ICDS സൂപ്പർവൈസർ | ICDS സൂപ്പർവൈസർ (On Leave)<br>ഉദയംപേരൂർ ഗ്രാമപഞ്ചായത്ത് | പറമ്പത്ത് വീട്<br>കുന്നത്തറ പി.ഒ |

| | | |
|---|---|---|
| | | കോഴിക്കോട് -673620 |
| ഡോ. ഷീജ ബി., അസിസ്റ്റന്റ് സർജൻ | അസിസ്റ്റന്റ് സർജൻ മെഡിക്കൽ ഓഫീസർ, PHC ഉദയംപേരൂർ | സുരഭി വീട്, ഏരൂർ (PO) തൃപ്പൂണിത്തുറ |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | കെ.എസ്.എ-ഇ.കെ.എം (പി6) 709/18 തീ. 07.09.18 |
| 1998-99 മുതൽ 2001-02 വരെയുള്ള പദ്ധതിവിഹിതം ഒഴികെ | കെ.എസ്.എ-ഇ.കെ.എം (പി6) 1517/22 തീ. 09.12.22 |
| 1998-99 മുതൽ 2001-02 പദ്ധതി ചെലവ് | എൽ.എഫ്.ഇ(പി6)15/2004 തീ. 18.12.2004 |
| 1998-99 (വരവ്) | എൽ.എഫ്.ഇ(പി6)2008/2007 തീ. 09.07.08 |
| 1999-2000(വരവ്) | എൽ.എഫ്.ഇ(പി6)2009/2007 തീ. 09.07.08 |
| 2000-2001(വരവ്) | എൽ.എഫ്.ഇ(പി6)2010/2007 തീ. 09.07.08 |
| 2001-2002(വരവ്) | എൽ.എഫ്.ഇ(പി6)2011/2007 തീ. 09.07.08 |
| 2002-2003 | കെ.എസ്.എ-ഇ.കെ.എം (പി6) 1517/22 തീ. 09.12.2022 |
| 2004-2005 | കെ.എസ്.എ-ഇ.കെ.എം (പി6)1517/22 തീ. 09.12.2022 |
| 2005-2006 | കെ.എസ്.എ-ഇ.കെ.എം (പി6) 1517/22 തീ. 09.12.2022 |
| 2006-2007 | കെ.എസ്.എ-ഇ.കെ.എം (പി6) 1517/22 തീ. 09.12.2022 |
| 2007-2008 | കെ.എസ്.എ-ഇ.കെ.എം (പി6) 1517/22 തീ. 09.12.2022 |
| 2008-2009 | കെ.എസ്.എ-ഇ.കെ.എം (പി6) 1517/22 തീ. 09.12.2022 |
| 2009-2010 | കെ.എസ്.എ-ഇ.കെ.എം (പി6) 1517/22 തീ. 09.12.2022 |
| 2010-2011 | കെ.എസ്.എ-ഇ.കെ.എം (പി6) 1517/22 തീ. 09.12.2022 |
| 2011-2012 & 2012-13 | കെ.എസ്.എ-ഇ.കെ.എം (പി6) 1517/22 തീ. 09.12.2022 |
| 2013-14 | കെ.എസ്.എ-ഇ.കെ.എം (പി6) 1517/22 തീ. 09.12.2022 |
| 2014-15 | കെ.എസ്.എ-ഇ.കെ.എം (പി6) 1517/22 തീ. 09.12.2022 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം (പി6) 1517/22 തീ. 09.12.2022 |
| 2016-17 | കെ.എസ്.എ-ഇ.കെ.എം (പി6) 1517/22 തീ. 09.12.2022 |
| 2017-18 | കെ.എസ്.എ-ഇ.കെ.എം (പി6) 1517/22 തീ. 09.12.2022 |
| 2018-19 | കെ.എസ്.എ ഇ.കെ.എം(പി6)1699/2019 തീ.05.11.19 |
| 2019-20 | കെ.എസ്.എ ഇ.കെ.എം(പി6)727/2021 തീ.15.01.22 |
| 2020-21 | കെ.എസ്.എ ഇ.കെ.എം(പി6)521/2022 തീ.21.07.22 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ ഉദയംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ഉദയംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്